I.ഇ.ബി. XIIകേരള നിയമസഭ/VIII-19

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 21, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) ആഗോളതാപനംമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ.പി.സി.വിഷ്ണുനാഥ്: ആഗോളതാപനംമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ഇന്റർ ഗവൺമെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചെയിഞ്ച് പുറത്തു വിട്ടിരിക്കുന്നത്. അന്തരീക്ഷ താപനം ക്രമാതീതമായി ഉയരുന്നതിനുള്ള പ്രധാന കാരണം കാർബൺഡൈയോക്സൈഡിന്റെ അളവു കൂടുന്നതാണ്. കാർബൺ എമിഷനുള്ള പ്രധാന കാരണമായ ഫോസിൽ ഫ്യൂവൽസിന്റെ ഉപയോഗം കുറച്ച് ആൾട്ടർനേറ്റീവ് എനർജി സ്രോതസ്സിലേയ്ക്ക് നീങ്ങണം. കാർബൺ ഫ്രീ വേൾഡ് എന്ന മുദ്രവാക്യം ഉയർത്തിപ്പിടിച്ച് ഹൈഡൽ-ന്യൂക്ലിയർ-വിൻഡ് എനർജികളെ പ്രോൽസാഹിപ്പിക്കുന്ന നിലപാടുകളാണ് ഇന്ന് ലോകവ്യാപകമായി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 2030 ആകുമ്പോൾ

അന്തരീക്ഷ താപനം 4-5 ഡിഗ്രി സെൽഷ്യസായി ഉയർന്ന് സമുദ്രം ഈ അന്തരീക്ഷ താപത്തെ ഉൾക്കൊള്ളുന്നതിന്റെ ഫലമായി കേരളത്തിന്റെ 75 ശതമാനവും വെള്ളത്തിനടിയിലാകാനും ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാകാനും സാദ്ധ്യതയുണ്ടെന്ന റിപ്പോർട്ടാണ് ഐ.പി.സി.സി. അടക്കമുള്ള ശാസ്ത്രജ്ഞർ പുറത്തു വിട്ടിരിക്കുന്നത്. കയോട്ടോ-പ്രോട്ടോകോൾ പ്രകാരം ക്ലീൻ ഡെവലപ്മെന്റ് മെക്കാനിസം രാജ്യങ്ങളുടെ പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കാർബൺ ഫ്രീ വേൾഡ് ആയി ലോകത്തെ മാറ്റാൻ കഴിയണം. ഇന്ത്യയിൽ ഒരു സംസ്ഥാനവും അതനുസരിച്ചുള്ള നിയമനിർമ്മാണമോ നടപടികളോ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് കയോട്ടോ-പ്രോട്ടോകോളോ ഐ.പി.സി.സി. അടക്കമുള്ള സംഘടനകളോ നിർദ്ദേശിക്കുന്ന തരത്തിൽ ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന കാലാവസ്ഥാ വ്യതിയാനം തടയാനാവശ്യമായ നിയമനിർമ്മാണം നടത്തണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഹരിത ഗ്രഹവാതക ങ്ങളുടെ അളവ് അന്തരീക്ഷത്തിൽ വർദ്ധിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന ആഗോളതാപനം ഭൂമിയുടെ പ്രതലത്തിലുണ്ടാകുന്ന ഊഷ്മ വർദ്ധനവിനും ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകലിനും, സമുദ്ര ജലനിരപ്പിന്റെ ഉയർച്ചയ്ക്കും കാരണമാകുന്നു. ഇത് കാലാവസ്ഥാ വ്യതിയാനങ്ങളിലേയ്ക്കും ഗുരുതരമായ പാരിസ്ഥിതിക ആഘാതങ്ങളിലേയ്ക്കും നയിക്കുന്നു. ഇതിന് ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗം, ജൈവപാരിസ്ഥിതിക ഘടകങ്ങളുടെ പ്രയോജനപ്പെടുത്തൽ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള നടപടികൾ തദ്ദേശ തലങ്ങളിൽ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതു സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ 13-ാം ധനകാര്യ കമ്മിഷൻ ശാസ്ത്ര

സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് വിവിധ ഗവേഷണ പദ്ധതികൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ തയ്യാറാക്കി വരുന്നു. അന്തരീക്ഷത്തിൽ നിന്നും കാർബൺഡൈ യോക്സൈഡ് നീക്കം ചെയ്യാനുള്ള വനങ്ങളുടെ ശേഷി സംബന്ധിച്ച് കേരള വന ഗവേണഷണ കേന്ദ്രവും സമുദ്ര ജലനിരപ്പിന്റെ ഉയർച്ച മനസ്സിലാക്കാൻ ഭൗമ ശാസ്ത്ര പഠനകേന്ദ്രവും ഊർജ്ജസംരക്ഷണം, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ എന്നിവയെ സംബന്ധിച്ച് പഠനം എനർജി മാനേജ്മെന്റ് സെന്റർ, ടോട്ടൽ എനർജി സെക്യൂരിററി മിഷൻ എന്നിവയും നടത്തി വരുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പകർച്ച വ്യാധികൾ തടയുന്നതിനും, ശുചിത്വ പരിപാടികൾ, പാരിസ്ഥിതിക സംരക്ഷണ നടപടികൾ തുടങ്ങിയവ ബഹുജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനുമുള്ള തീവ്രശ്രമങ്ങൾ നടത്തി വരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. പാരിസ്ഥിതിക വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ, നദീതടങ്ങളും തണ്ണീർ തടങ്ങളും സംരക്ഷിക്കൽ, ജൈവക്കൃഷി പ്രോത്സാഹിപ്പിക്കൽ, ഭക്ഷ്യസുരക്ഷയ്ക്കായുള്ള കർമ്മ പരിപാടികൾ എന്നിവ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം തടയാനുള്ള വിവിധ പദ്ധതികളാണ്.

(2) <u>ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി</u>

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ:</u> നാമമാത്രമായി ഭൂമിയുള്ളവരും ഒരു സെന്റു ഭൂമിപോലുമില്ലാത്തവരുമായി ഏകദേശം അൻപത്തി ആറായിരത്തോളം ആദിവാസി കുടുംബങ്ങൾ കേരളത്തിൽ താമസിക്കുന്നുണ്ട്. അവർക്ക് ഭൂമി നൽകുന്നതിന് നിലവിലുള്ള കേന്ദ്ര-

സംസ്ഥാന നിയമങ്ങൾ പൂർണ്ണമായും പ്രയോജനപ്പെട്ടിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു നടന്ന ആദിവാസി ഭൂമി വിതരണം പരാജയമായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 1874 പേർക്ക് ഭൂമി വിതരണം ചെയ്തുവെങ്കിലും ഇതു ഭൂരഹിതരുടെ കണക്കുമായി തട്ടിച്ചു നോക്കുമ്പോൾ വളരെ കുറവാണ്. സംസ്ഥാന ജില്ലാ തലങ്ങളിലുള്ള ട്രൈബൽ പുനരുദ്ധാരണ മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തി ഭൂമി കണ്ടെത്തി ഓരോ ജില്ലയിലേയും അർഹരായ ആദിവാസികൾക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാന ആദിവാസി പുനരധിവാസ മിഷനും ജില്ലാ മിഷനുകളും ഭൂരഹിതരും ഭൂമി കുറവുള്ളവരുമായ ആദിവാസികൾക്ക് ഒരു ഏക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ചു ഏക്കർ വരേയും ഭൂമി വിതരണം ചെയ്യുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ആദിവാസി പുനരധിവാസ വികസന പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതിനായി 18233.9 ഏക്കർ ഭൂമി കണ്ടെത്തിയതിൽ 5821.5 ഏക്കർ വിതരണം ചെയ്തിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 9000-ത്തോളം കുടുംബങ്ങൾക്ക് നൽകിയ കൈവശരേഖയുൾപ്പെടെ 1977-നു ശേഷം 14048 കുടുംബങ്ങൾക്ക് കൈവശരേഖ വിതരണം ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 300-ഓളം കുടുംബങ്ങൾക്ക് ഒരു ഏക്കർ ഭൂമി വീതം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിന് നാലു ഘട്ടങ്ങളായി ഭൂമി തരംതിരിക്കുന്നതിനും ജില്ലാതലയോഗം ചേർന്ന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒന്നും രണ്ടും ഘട്ടങ്ങളുടെ വിതരണമാണ് ഇപ്പോൾ നടന്നു വരുന്നത്. ഇതു പ്രകാരം വിവിധ ജില്ലകളിലായി 6413

കുടുംബങ്ങൾക്ക് 8568 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 1035 ഏക്കർ ഭൂമി വിതരണയോഗ്യമായി കണ്ടെത്തിയിട്ടുണ്ട്.പരമ്പരാഗത വനവാസികൾക്ക് വനാവകാശം നൽകുന്ന കേന്ദ്രനിയമം നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും പട്ടികജാതി-പട്ടികവർഗ്ഗ വികസനം, റവന്യൂ, ഫോറസ്റ്റ്, നിയമം, എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അംഗങ്ങളുമായുള്ള വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് സമർപ്പിക്കുകുയും മന്ത്രിസഭ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകൾ വിളിച്ചു ചേർത്ത് വനാവകാശ സമിതികൾ രൂപീകരിക്കാൻ ജില്ലാ കളകർടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനാവകാശ സമിതികൾ സമർപ്പിക്കുന്ന റിപ്പോർട്ട് ആർ.ഡി.ഒ. ചെയർമാനായുള്ള സബ് ഡിവിഷൻ തല കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം നൽകുന്ന ശുപാർശയിന്മേൽ ജില്ലാതല കമ്മിറ്റിയാണ് തീരുമാനം കൈക്കൊള്ളേണ്ടത്. 2009 ഫെബ്രുവരി മാസത്തോടുകൂടി നടപടികൾ പൂർത്തിയാക്കത്തക്കവിധത്തിൽ വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതോടുകൂടി വനത്തിൽ താമസിച്ചു വരുന്ന ആദിവാസികൾക്ക് വനഭൂമിയിൽ അവകാശം ലഭിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ആദിവാസി ഭൂമി പ്രശ്നം സമ്പൂർണ്ണമായി പരിഹരിക്കപ്പെടുന്ന സംസ്ഥാനമായി കേരളം മാറുമെന്ന ഉറച്ച തീരുമാനത്തോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്.

**സബ്മിഷൻ**

(1) <u>ജയിംസ് അഗസ്റ്റിൻ ക്ലസ്റ്റർ മീറ്റിംഗിനിടെ മർദ്ദനമേറ്റ് മരിക്കാനിടയായ സംഭവം</u>

<u>മി. സ്പീക്കർ</u> : ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. ജയരാജനു പുറമെ സർവ്വശ്രീ. വി. എസ്. സുനിൽകുമാർ, വി. ശശികുമാർ, ജോർജ് എം. തോമസ്, കെ.രാജു, പി.കെ. അബ്ദുറബ്ബ്, എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്. ഈ സംഭവം നടന്നത് ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ മണ്ഡലത്തിലായതുകൊണ്ട് അദ്ദേഹത്തിന് ആദ്യം സംസാരിക്കുന്നതിനുള്ള അവസരം കൊടുക്കുന്നു.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u>: മഞ്ചേരി നിയോജകമണ്ഡലത്തിൽ കിഴിശ്ശേരി പഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ക്ളസ്റ്റർ പരിശീലനത്തിൽ പങ്കെടുക്കാനെത്തിയ എ.എം.എൽ.പി. സ്കൂളിലെ പ്രധാന അദ്ധ്യാപകനായ ജയിംസ് അഗസ്റ്റിൻ കുഴഞ്ഞുവീണതിനെത്തുടർന്ന് തൊട്ടടുത്തുള്ള അൽ-അബീർ ആശുപത്രിയിൽ കൊണ്ടുപോകുകയും അദ്ദേഹത്തിന് ഡ്രിപ്പ് നൽകി ക്ഷീണം മാറ്റുകയും ചെയ്തു. ഡോക്ടർമാർ സംസാരിച്ചപ്പോൾ പരിക്കുകളൊന്നുമില്ല ക്ഷീണം മാത്രമേയുള്ളുവെന്ന് പറഞ്ഞിരുന്നു. 2007-ൽ ഒരു അപകടം സംഭവിച്ച് തലയ്ക്കും കാലിനും പരിക്ക് പറ്റി അദ്ദേഹം കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിൽസയിൽ കഴിഞ്ഞിരുന്നു. ഈ സംഭവം നടന്നപ്പോൾ അദ്ദേഹത്തിന്റെ സഹോദരന്റെ നിർദ്ദേശ പ്രകാരമാണ് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ കൊണ്ടുപോയതും അദ്ദേഹം മരണമടഞ്ഞതും. ഇന്നലെ ഞാൻ പരേതന്റെ വസതിയിൽ പോകുകയും അന്തിമോപചാരം അർപ്പിക്കുകയും ചെയ്തു. മിനിഞ്ഞാന്ന് ഉച്ചയ്ക്കാണ് ഈ സംഭവമുണ്ടായത്. വൈകുന്നേരം മുതൽതന്നെ ചാനലുകളിൽ യൂത്ത് ലീഗിലെ പ്രവർത്തകർ ജയിംസ് അഗസ്റ്റിനെ ചവിട്ടിക്കൊന്നു എന്നതരത്തിലുള്ള വാർത്തകൾ വന്നു. പാഠ്യവിഷയത്തെ സംബന്ധിച്ചുള്ള ജനശ്രദ്ധ തിരിച്ചുവിടാനും യു.ഡി.എഫ്.നേയും

മുസ്ലീം ലീഗിനേയും പ്രതികളാക്കാനുമുള്ള ശ്രമമാണ് നടക്കുന്നത്. പുറത്ത് പരിക്കുകളില്ല, ആന്തരികമായ രക്തസ്രാവമുണ്ടായിട്ടില്ല, വലതുചെവിക്ക് ചെറിയ പരിക്കുമാത്രമേയുള്ളൂവെന്നാണ് ഫോറൻസിക് ഉദ്യോഗസ്ഥർ പ്രാഥമിക റിപ്പോർട്ടിൽ പറയുന്നത്. സ്കൂൾ പരിസരത്തുനിന്ന് ഒരു സഹഅദ്ധ്യാപകന്റെ ബൈക്കിലാണ് അദ്ദേഹം ആശുപത്രിയിൽ പോയിട്ടുള്ളത്. കാര്യമായ പ്രശ്നമൊന്നും ഈ സമയത്തുണ്ടായിട്ടില്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്തുവരുന്നതിനുമുൻപുതന്നെ യൂത്ത് ലീഗ് പ്രവർത്തകർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുത്തിരിക്കുകയാണ്. ഈ സംഭവത്തെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

<u>ശ്രീ. പി. ജയരാജൻ:</u> മലപ്പുറം വാലില്ലാപ്പുഴ എയിഡഡ് മാപ്പിള എൽ.പി സ്കൂളിലെ പ്രധാന അദ്ധ്യാപകനായ ജെയിംസ് അഗസ്റ്റിൻ ക്ളസ്റ്റർ മീറ്റിംഗിനിടെ ഒരു സംഘം ലീഗ് പ്രവർത്തകരുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവം വളരെ നടുക്കമുണ്ടാക്കുന്നതാണ്. 'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗത്തിനെതിരെ മതവിശ്വാസികളുടെ വികാരം കുത്തിയിളക്കിയവർ ഒരു മതവിശ്വാസിയെ കൊലപ്പെടുത്തിക്കൊണ്ട് അക്രമങ്ങൾ തുടരുന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്. ഈ സംഭവത്തിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഇന്ന് സർക്കാർ ജീവനക്കാരും അദ്ധ്യാപകരും സംസ്ഥാന വ്യാപകമായി പണിമുടക്ക് നടത്തുകയാണ്. വിവിധ സ്ഥലങ്ങളിലെ ക്ളസ്റ്റർ യോഗങ്ങളിൽ അക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. പാഠപുസ്തകം പൂർണ്ണമായി പിൻവലിച്ചില്ലെങ്കിൽ പ്രത്യാഘാതമുണ്ടാകുമെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞിട്ടുണ്ട്. ക്ളസ്റ്റർ മീറ്റിംഗിൽ കയറി അക്രമം

നടത്തി അദ്ധ്യാപകനെ കൊലപ്പെടുത്തിയതിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രതിപക്ഷ നേതാവ് കേരള സമൂഹത്തോട് മാപ്പ് പറയണം. ഈ കേസ് ഫലപ്രദമായി അന്വേഷിച്ച് കൊലപാതകം ആസൂത്രണം ചെയ്തവരുടെ പേരിൽ നടപടി കൈക്കൊള്ളണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെയും അദ്ധ്യാപക ശാക്തീ കരണത്തിന്റെയും ഭാഗമായിട്ടാണ് ക്ളസ്റ്റർ പരിശീലനം നടത്തിവരുന്നത്. ഒരു ലക്ഷത്തി എഴുപത്തിയാറായിരത്തിലധികം അദ്ധ്യാപകർ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. ഹയർ സെക്കന്ററി അദ്ധ്യാപകർക്കും ക്ളസ്റ്റർ പരിശീലനം നടത്തുന്നുണ്ട്. മുസ്ലീം വിദ്യാലയങ്ങളിൽ വെള്ളി യാഴ്ച ദിവസങ്ങളിലും മറ്റ് സ്കൂളുകളിൽ ശനിയാഴ്ച ദിവസങ്ങളിലുമാണ് പരിശീലനം നൽകി വരുന്നത്. സംസ്ഥാനത്ത് 1160 കേന്ദ്രങ്ങളിലാണ് കഴിഞ്ഞ ശനിയാഴ്ച ക്ളസ്റ്റർ പരിശീലനമുണ്ടായിരുന്നത്. മലപ്പുറം ജില്ലയിൽ 119 കേന്ദ്രങ്ങളിലാണ് പരിശീലനം നടക്കുന്നത്. 19-ാം തീയതി മലപ്പുറം കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കിഴിശ്ശേരി ഗവൺമെന്റ് സ്കൂളിലെ ക്ളസ്റ്റർ മീറ്റിംഗ് തടസ്സപ്പെടുത്തുന്നതിനായി അന്ന് രാവിലെ 9.30 മുതൽ 150-ഓളം യൂത്ത് ലീഗ് പ്രവർത്തകർ സ്കൂളിന്റെ മെയിൻ ഗേറ്റ് ഉപരോധിക്കുകയുണ്ടായി. ക്ളസ്റ്റർ മീറ്റിംഗിൽ പങ്കെടുക്കാനായി എത്തിയ അരീക്കോട് വാലില്ലാപ്പുഴ എ.എം.എൽ.പി സ്കൂളിലെ പ്രഥമ അദ്ധ്യാപകനായ ജെയിംസ് അഗസ്റ്റിനെ 10.30-ഓടുകൂടി സ്കൂൾ ഗേറ്റിൽ നിന്ന് ഉദ്ദേശം 30 മീറ്റർ ദൂരെമാറി കിഴിശ്ശേരി വില്ലേജ് ഓഫീസിന് സമീപം ചില മുസ്ലീം ലീഗ് പ്ര വർത്തകർ ചേർന്ന് വളഞ്ഞു വയ്ക്കുകയും അദ്ദേഹത്തിന്റെ കയ്യിലിരുന്ന ഡയറി പിടിച്ചുവലിക്കുകയും അത് തടഞ്ഞപ്പോൾ മർദ്ദിക്കുകയും മർദ്ദന

മേറ്റ് നിലത്തുവീണ അദ്ദേഹത്തെ ചവിട്ടുകയും ചെയ്തു. ഉടനെതന്നെ ജെയിംസ് മാസ്റ്ററെ കിഴിശ്ശേരിയിലുള്ള അൽ-അബീർ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ പ്രാഥമിക ചികിൽസ നൽകിയതിനുശേഷം വിദഗ്ദ്ധ ചികിൽസയ്ക്കായി ബേബി മെമ്മോറിയൽ ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ഡോക്ടർ പരിശോധിച്ചപ്പോൾ അദ്ദേഹം മരണപ്പെ ട്ടതായി കണ്ടു. ബ്ളോക്ക് എസ്.എസ്.എ പ്രോഗ്രാം ആഫീസറുടെ മൊഴി പ്രകാരം വിവിധ വകുപ്പുകൾ പ്രകാരം കണ്ടാലറിയാവുന്ന അഞ്ച് യൂത്ത് ലീഗ് പ്രവർത്തകർക്കെതിരെ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ മലപ്പുറം ഡിവൈ.എസ്.പി അന്വേഷണം നടത്തി വരിക യാണ്. കൊലചെയ്യപ്പെട്ട ജയിംസ് അഗസ്റ്റിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി. അനിഷ്ട സംഭവങ്ങളുണ്ടാകാതിരിക്കാൻ ശക്തമായ പോലീസ് സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ക്ളസ്റ്റർ മീറ്റിംഗ് നടക്കുന്ന പല സ്ഥലങ്ങളിലും സംഘർഷമുണ്ടായിരുന്നു. യു.ഡി.എഫ്-ന്റെ അക്രമ സമരത്തിന്റെ രക്തസാക്ഷിയാണ് ജയിംസ് അഗസ്റ്റിൻ. ഈ സംഭവത്തിൽ ഗവൺമെന്റിന് അതിയായ ദു:ഖമുണ്ട്. ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തു ണ്ടാകാൻ പാടില്ല. പ്രതിപക്ഷം ഇതിനെ ന്യായീകരിക്കാൻ പാടില്ല. ജയിംസ് അഗസ്റ്റിന്റെ നിരാലംബമായ കുടുബത്തിന് പരമാവധി സഹായങ്ങൾ ഗവൺമെന്റ് ചെയ്യും. മന്ത്രിസഭാ യോഗത്തിൽ ഇതുസംബന്ധിച്ച് തീരുമാനം കൈകൊള്ളും. ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് യു.ഡി.എഫ്. ആവശ്യപ്പെടുന്നത് ബോധപൂർവ്വം കൊലക്കേസ് പ്രതികളെ രക്ഷിക്കാൻ വേണ്ടിയാണ്. ഈ കൊലപാതകം നടത്തിയിട്ടുള്ള ആളുകളെ നിയമത്തിനു മുമ്പിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ കൊടുക്കത്തക്ക വിധത്തിൽ കാര്യ

ക്ഷമമായി ഈ കേസ്സ് നടത്തുന്നതിനാവശ്യമായ എല്ലാ നിയമനടപടിയും സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പോസ്റ്റ്മോർട്ടം നടത്തുന്ന സമയത്ത് വിദ്യാഭ്യാസവും സാസംക്കാരികകാര്യവും വകുപ്പുമന്ത്രി അവിടെ ഉണ്ടായിരുന്നുവെന്നത് സംബന്ധിച്ച് വിശദീകരണം നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ 10.50-ന് വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പു മന്ത്രി എത്തിയപ്പോൾ പോസ്റ്റ്മോർട്ടം ആരംഭിച്ചിരുന്നതുകൊണ്ട് പോലീസ് ഉപയോഗിക്കുന്ന തൊട്ടടുത്തുള്ള റൂമിൽ ഇരിക്കുകയും പോസ്റ്റ്മോർട്ടം കഴിഞ്ഞ് മൃതദേഹം പുറത്തുകൊണ്ടുവന്നപ്പോൾ ജനങ്ങൾക്കൊപ്പം അദ്ദേഹം സ്വീകരിക്കുകയുമാണുണ്ടായത്. ഒരു അദ്ധ്യാപകൻ മരണപ്പെട്ടപ്പോൾ സംസ്ഥാന സർക്കാരിനുവേണ്ടി അനുശോചനം അറിയിക്കുന്നതിന് മൂന്ന് മന്ത്രിമാർ പോവുകയും അക്രമ സംഭവത്തെ അപലപിക്കുകയും ചെയ്തു. അക്രമികളെ ന്യായീകരിക്കാൻ വേണ്ടി മന്ത്രിക്കെതിരെ നടത്തുന്ന ദുരാരോപണം വസ്തുതകൾക്ക് വിരുദ്ധമാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : വിദ്യാഭ്യാസ പരിശീലന പ്രവർത്തനത്തിനിടയിൽ ഒരു അദ്ധ്യാപകൻ ദാരുണമായി പരിക്കേറ്റ് കൊലചെയ്യപ്പെട്ട വിഷയം സഭ ചർച്ച ചെയ്യുമ്പോൾ ഏത് അന്തരീക്ഷത്തിലാണ് ഇക്കാര്യം ചർച്ച ചെയ്യുന്നത് എന്ന് എല്ലാവരും ആലോചിക്കുന്നത് നല്ലതാണ്. ദാരുണമായ സംഭവം നട ക്കുമ്പോൾ പാർട്ടിയുടെ ഒരു പ്രധാനപ്പെട്ട യോഗത്തിൽ പങ്കെടുക്കുന്നതിനു വേണ്ടി ഡൽഹിയിൽ ആയിരുന്ന ഞാൻ ഈ വിവരം അറിഞ്ഞയുടനെതന്നെ

മുഖ്യമന്ത്രിയുമായി സംസാരിക്കുകയും ഡൽഹിയിലെ പരിപാടി റദ്ദാക്കി ആദ്യം കിട്ടിയ വിമാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 11 മണിക്കുമുമ്പ് എത്തുകയുമാണുണ്ടായത്. പോസ്റ്റ്മോർട്ടം കഴിഞ്ഞ് മൃതദേഹം വീട്ടിലേയ്ക്ക് കൊണ്ടുപോവുകയാണെങ്കിൽ അതിനെ അനുധാവനം ചെയ്ത് വീട്ടിലേയ്ക്ക് പോകാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പോസ്റ്റ്മോർട്ടം നടന്നുകൊണ്ടിരിക്കുകയാണെന്നും മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തുന്നതാണ് ശരിയെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിയത്. മരണം നടന്നാലും കൊലപാതകം നടന്നാലും ജനപ്രതിനിധികൾ ആശുപത്രിയിൽ എത്തുന്നത് സാധാരണയാണ്. ആയിരക്കണക്കിനാളുകളും ദൃശ്യമാധ്യമ പ്രവർത്തകരും ടെലിവിഷൻ ചാനലുകളും മറ്റും എല്ലാ വിവരങ്ങളും ശേഖരിക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്ത് ഉണ്ടായിരുന്നു. കോളേജിന്റെ ഭാഗമായുള്ള റൂമിൽ എന്നെ കൊണ്ടുപോയി ഇരുത്തുകയാണ് ഉണ്ടായത്. അവിടെ പ്രമുഖരായ രാഷ്ട്രീയ നേതാക്കളും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ ഏറ്റവും ഉയർന്ന മൂന്ന് ഡോക്ടർമാരുടെ ഒരു ടീമാണ് പോസ്റ്റുമോർട്ടം നടത്തിയത്. അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ മുഴുവൻ വീഡിയോയിൽ റെക്കോർഡ് ചെയ്യുന്നുണ്ടായിരുന്നു. ഇതാണ് വസ്തുതയെന്നിരിക്കെ ഈ സർക്കാരിനു വേണ്ടി ഒരു മന്ത്രി അവിടെച്ചെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടടക്കം തിരുത്തിച്ചുവെന്ന് മ്ളേച്ഛമായ നുണപ്രചരണം നടത്തുന്നത് ശരിയല്ല.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സാധാരണക്കാരനായ കോൺഗ്രസ്സ് പ്രവർത്തകനായിരുന്നു ജെയിംസ് അഗസ്റ്റിൻ. രാഷ്ട്രീയാഭിപ്രായ

വ്യത്യാസങ്ങൾക്കതീതമായി നാടാകെ സ്നേഹിക്കുകയും നെഞ്ചേറ്റുകയും ചെയ്തിട്ടുള്ള നല്ലൊരു മാതൃകാ അധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ നിര്യാണം രാഷ്ട്രീയത്തിനതീതമായി നാടിനെയാകെ ദു:ഖത്തിലാഴ്ത്തി യിരിക്കുകയാണ്. രാഷ്ട്രീയ നേട്ടത്തിനുവേണ്ടി ഏത് സത്യവും വളച്ചൊടിക്കുകയെന്നുള്ള നിലയിലേയ്ക്ക് സംസ്ഥാനത്തിന്റെ ഈ മഹനീയ സഭ അധ:പതിക്കുന്നതിൽ വലിയ വിഷമമുണ്ട് ഇതൊരു കൊലപാതകമായിരുന്നു. അദ്ദേഹത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്കും ബേബി മെമ്മോറിയൽ ആശുപത്രിയിലേയ്ക്കും കൊണ്ടുപോയ സഹപ്രവർത്തകരും കോൺഗ്രസ് അനുകൂലികളുമായിട്ടുള്ള അധ്യാപകരാണ്. മെഡിക്കൽകോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുപൊയ്ക്കൊണ്ടിരിക്കുമ്പോൾ ഫോൺ ചെയ്ത് അറിയിച്ചതുപ്രകാരം അഗസ്റ്റിൻ അപ്പോൾ മരിച്ചിരുന്നില്ല. അതുകഴിഞ്ഞ് അവർ വീണ്ടും വിളിച്ച് അദ്ദേഹം മരിച്ചതായി സംശയിക്കുന്നുവെന്നു പറയുകയും അതിനുശേഷം മരണം സ്ഥിരീകരിച്ചതായും അറിയിച്ചു. ഇങ്ങനെ മൃഗീയമായിട്ടുള്ള, മനുഷ്യ മനസ്സാക്ഷിയെ മരവിപ്പിക്കുന്ന ഒരു കൊലപാതകത്തെപ്പോലും കുഴഞ്ഞുവീണതായി ചിത്രീകരിക്കാൻ എങ്ങനെ കഴിയുന്നുവെന്നത് അൽഭുതകരമാണ്. ജെയിംസ് അഗസ്റ്റിന്റെ കൊലയാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കണം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> വളരെ നിർഭാഗ്യകരമായ സംഭവമാണ് ജെയിംസ് അഗസ്റ്റിന്റെ കൊലപാതകം. ഈ സംഭവത്തെ ക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. ജെയിംസ് അഗസ്റ്റിനെ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ എത്തിക്കാൻ സഹായിച്ച അദ്ധ്യാപകരെ ഹോസ്പിറ്റലിൽ വച്ച് ഡി.വൈ.എഫ്.ഐ.കാർ മർദ്ദിക്കു

കയുണ്ടായി. ഡോക്ടർമാർക്ക് മാത്രം പ്രവേശനമുള്ള മെഡിക്കൽ കോളേജിലെ പോസ്റ്റ് മോർട്ടം മുറിയിൽ ജെയിംസ് അഗസ്റ്റിന്റെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തുമ്പോൾ വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി പലതവണ കയറിയിറങ്ങുകയുണ്ടായി. ജെയിംസ് അഗസ്റ്റിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട കേസ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ മുസ്ലീം ലീഗ് പ്രവർത്തകരാണ് ഇതിനുത്തരവാദി എന്ന ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ മുൻവിധിയോടെയുള്ള പ്രസ്താവന ശരിയല്ല.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ജെയിംസ് അഗസ്റ്റിന്റെ മൃതദേഹം ഏറ്റുവാങ്ങാനാണ് ആശുപത്രിയിൽ പോയത്. പ്രതിപക്ഷനേതാവ് ഉന്നയിക്കുന്ന ആരോപണം അസത്യമാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്.അച്ചുതാനന്ദൻ): മലപ്പുറത്ത് അധ്യാപകനായ ജെയിംസ് അഗസ്റ്റിൻ കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് സർക്കാരിന് യാതൊരുവിധ മുൻവിധിയും ഇല്ല. ജെയിംസ് അഗസ്റ്റിന്റെ കൊലപാതകത്തെ സംബന്ധിച്ച് ഏകപക്ഷീയമായ അഭിപ്രായം പ്രതിപക്ഷം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയാണ്. പാഠപുസ്തകവിവാദങ്ങളുമായി ബന്ധപ്പെട്ട സമരങ്ങൾക്കിടയിൽ അക്രമ സംഭവങ്ങൾ നടന്നാലും പ്രതിപക്ഷം തങ്ങളുടെ തെറ്റ് തിരുത്താൻ തയ്യാറല്ല. സംഭവത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ അന്വേഷണം ശരിയായ നിലയിലല്ലെങ്കിൽ ജുഡീഷ്യൽ അന്വേഷണമോ സി.ബി.ഐ. അന്വേഷണമോ നടത്തുന്നതിനെക്കുറിച്ച് അപ്പോൾ ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കെ.എം. മാണി:</u> പ്രസ്തുത സംഭവത്തെ സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ യൂത്ത് ലീഗ് പ്രവർത്തകരാണ് അതിനുത്തരവാദി എന്ന ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രിയുടെ പ്രസ്താവന ശരിയല്ല.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> കണ്ടാലറിയാവുന്ന യൂത്ത് ലീഗ് പ്രവർത്തകരെ പ്രതികളാക്കി കൊണ്ടോട്ടി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്.

(2) <u>നിയോജകമണ്ഡലങ്ങളിലെ വൈദ്യുതീകരണം</u>

<u>ശ്രീ. കെ.സി. ജോസഫ്:</u> നിയോജകമണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഒരു കോടി രൂപ വീതം നൽകുന്ന പദ്ധതിയുടെ വിശദാംശവും അതിൽ നിയമസഭാ സാമാജികരുടെ പങ്കാളിത്തവും വ്യക്തമാക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ.എ.കെ. ബാലൻ</u>): കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ. പ്രകാരം കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇടുക്കിയൊഴികെ മറ്റൊരു ജില്ലയ്ക്കും ഇതിനുള്ള കേന്ദ്ര സഹായം ലഭിച്ചിട്ടില്ല. ഈ പദ്ധതി നടത്തിപ്പ് പതിനൊന്നാം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് 150 കോടി രൂപ വിവിധ നിയോജകമണ്ഡലങ്ങളുടെ വൈദ്യുതീകരണത്തിനുവേണ്ടി നീക്കിവയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ., എം.പി. ഫണ്ടുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ

ഫണ്ട്, എസ്.സി.പി., ടി.എസ്.പി. ഫണ്ടുകൾ, എന്നിവ ഉപയോഗപ്പെടുത്തി വൈദ്യുതീകരണത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇതിനുപുറമേ ആവശ്യമായി വരുന്ന ഒരു കോടി രൂപ വരെയുള്ള തുക സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കുവേണ്ടി കെ.എസ്.ഇ.ബി. നൽകുന്നതായിരിക്കും.

(3) ആറ്റിങ്ങൽ നാളികേര കോംപ്ലക്സ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ആറ്റിങ്ങലിൽ മാമത്ത് അടഞ്ഞുകിടക്കുന്ന കോക്കനട്ട് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന 5 ഏക്കർ സ്ഥലം മുനിസിപ്പാലിറ്റിക്ക് തിരിച്ച് നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. പ്രസ്തുത സ്ഥലം കാടുപിടിച്ചുകിടക്കുന്നതുമൂലം പരിസരവാസികൾക്കുണ്ടാകുന്ന അസൗകര്യം പരിഹരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള നാളികേര കോംപ്ലക്സിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതുവരെ ഈ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ നിയമപരമായ തടസ്സങ്ങളുണ്ട്. ലിക്വിഡേഷൻ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് കൃഷി, റവന്യൂ, ധനകാര്യ വകുപ്പ് സെക്രട്ടറിമാരടങ്ങിയ ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടി പൂർത്തിയായാലുടൻ കേരഫെഡിന് ഭൂമി കൈമാറുന്നതാണ്. ഈ സ്ഥലം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്ന നിലയിൽ നാളികേരാധിഷ്ഠിത മൂല്യ വർദ്ധിത ഉൽപാദന കേന്ദ്രവും അനുബന്ധ സൗകര്യങ്ങളും അടങ്ങുന്ന പ്രോജക്ട് ആരംഭിക്കുന്നതാണ്. നാട്ടുകാർക്കുണ്ടാകുന്ന അസൗകര്യം പരിഹരിക്കുന്നതിനായി ചുറ്റുമതിൽ പുതുക്കിപണിയുന്നതിനും കാട് വെട്ടി നശിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇന്നു മുതൽ ആരംഭി

ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി സ്ഥിരം സംവിധാനവും കാവൽക്കാരനെയും ഏർപ്പെടുത്തിയിട്ടുണ്ട്.

(4) <u>കോന്നിയിൽ ഭക്ഷ്യ സംസ്ക്കരണ കേന്ദ്രം</u>

<u>ശ്രീ. അടൂർ പ്രകാശ്</u>: കോന്നിയിൽ നിർദ്ദിഷ്ട ഭക്ഷ്യ ഗവേഷണ കേന്ദ്രവും ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ട് ബി.എസ്.സി., എം.എസ്.സി. എം.ബി.എ., കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജുമെന്റ് കോഴ്സുകളും തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ഇതിനോട് ചേർന്ന് കിൻഫ്രയ്ക്ക് കൊടുത്തതിന്റെ ബാക്കി സ്ഥലം കൂടി ഭക്ഷ്യ സംസ്ക്കരണ കേന്ദ്രത്തിന് വിട്ടുകൊടുക്കാൻ നടപടിയുണ്ടാകണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. സി. ദിവാകരൻ</u>): കോന്നിയിൽ കേരള ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിനു കീഴിൽ ഭക്ഷ്യ ഗവേഷണ കേന്ദ്രവും അനുബന്ധ കേന്ദ്രങ്ങളും സ്ഥാപിക്കാനായി 35 ഏക്കർ സ്ഥലം അനുവദിച്ചു കിട്ടിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഭക്ഷ്യ ഗുണമേന്മാ പരിശോധനാ ലബോറട്ടറിയും കോളേജും ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടനിർമ്മാണത്തിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുണ്ട്. ലബോറട്ടറിയുടെ ആദ്യ ഘട്ടമായ മൈക്രോബയോളജി വിഭാഗം ആഗസ്റ്റ് മാസം പ്രവർത്തനസജ്ജമാകും. ഇതിന്റെ കെട്ടിട നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. അത്യാധുനിക ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പർച്ചേസ് ഓർഡർ നൽകിക്കഴിഞ്ഞു.

(5) പോലീസ് വകുപ്പുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ

ശ്രീ. എൻ. രാജൻ: പോലീസ് വകുപ്പിലെ കുക്ക്, ബാർബർ, ഡോബി, സ്വീപ്പർ, വാട്ടർ കാരിയർ, സൈസ് (Syce) തുടങ്ങിയ തസ്തികകളിൽ ജോലി ചെയ്യുന്ന രണ്ടായിരത്തോളം വരുന്ന ജീവനക്കാർക്ക് സ്പെഷ്യൽ സർവ്വീസ് റൂൾ അടിയന്തിരമായി നടപ്പിലാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പോലീസ് വകുപ്പിലെ കുക്ക്, ബാർബർ, ഡോബി, സ്വീപ്പർ, വാട്ടർ കാരിയർ, സൈസ് (Syce) തുടങ്ങിയ ക്യാംപ് ഫോളോവർ തസ്തികകളിൽ ജോലി ചെയ്യുന്ന രണ്ടായിരത്തോളം വരുന്ന ജീവനക്കാർക്കായുള്ള സ്പെഷ്യൽ റൂളിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കാൻ എ.ഡി.ജി.പി. സൗത്ത് സോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) തൃശ്ശൂർ നഗരത്തിലെ ഗതാഗതക്കുരുക്ക്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ നഗരത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി എൻ.എച്ച്. 47-ഉം 17-ഉം തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ബൈപാസ് സംവിധാനം ഉണ്ടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തൃശ്ശൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി എൻ.എച്ച്. 47-നിലെ മണ്ണുത്തി ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് എൻ.എച്ച്. 17-ൽ വാടാനപ്പള്ളിയിൽ വന്നു ചേരുന്ന 24 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് ബൈപ്പാസ് റോഡാക്കി മാറ്റു

ന്നതുസംബന്ധിച്ച് പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7) തലശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ

ശ്രീ. കെ.പി. മോഹനൻ: തലശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ നിറുത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കണം. പ്രസ്തുത ഡിപ്പോയിൽ ഒരു ഡീസൽ പമ്പ് ആരംഭിക്കുന്നതിനും തകർന്ന ഗ്യാരേജ് യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിനും റാമ്പ് സൗകര്യമുണ്ടാക്കുന്നതിനും ജീവ നക്കാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തലശ്ശേരിയിൽ നിന്ന് കോഴിക്കോട് കണ്ണൂർ എന്നിവിടങ്ങളിലേയ്ക്ക് 43 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി 48 ബസ്സുകൾ നൽകിയിട്ടുണ്ട്. പൈതൽമല സർവ്വീസ് സ്ഥിരമായി നിർത്തിയിട്ടില്ല. കൂട്ടുപുഴ മുതൽ വീരാ ജ്പേട്ട വരെ ഇന്റർ സ്റ്റേറ്റിന് പുറമേയുള്ള ബസ്സുകൾ ലഭ്യമല്ലാത്തതുകൊണ്ട് സർവ്വീസുകൾ മുടങ്ങാറുണ്ട്. വരുമാനം കൂടുതലുള്ള സർവ്വീസുകൾ കൃത്യ നിഷ്ഠയോടുകൂടി ഓടിക്കുകയും കുറവുള്ളവ റദ്ദ് ചെയ്യുകയുമാണ് പതിവ്. കണ്ടക്ടർമാരുടെ അപര്യാപ്തത നിലവിലുള്ളതിനാൽ തലശ്ശേരി ഉൾപ്പെടെ യുള്ള കേന്ദ്രങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തു ന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 'എം' പാനൽ വ്യവസ്ഥയിൽ കൂടു തൽ കണ്ടക്ടർമാരെ നിയോഗിച്ച് സർവ്വീസുകളെല്ലാം ഓപ്പറേറ്റ് ചെയ്യു ന്നതാണ്. തലശ്ശേരി ഡിപ്പോയിൽ ഡീസൽ പമ്പ് തുടങ്ങുന്ന കാര്യം സജീവ പരിഗണനയിലാണ്. ഗ്യാരേജ് യാർഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി

ദർഘാസ് ക്ഷണിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റാമ്പ് നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. ഓഫീസ് ബിൽഡിംഗിന്റെ ഫാൾസ് സീലിംഗിടുന്ന പണിയും പൂർത്തീകരിച്ചുകഴിഞ്ഞു. കിണറിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. തലശ്ശേരി ഡിപ്പോ എറ്റവും ഭംഗിയായി നടത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(8) കാസർഗോഡ് ഗവൺമെന്റ് കോളേജിന്റെ പിന്നോക്കാവസ്ഥ

ശ്രീ. സി.ടി. അഹമ്മദ് അലി: സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ബി.എ., ബി.കോം. കോഴ്സുകൾ ആരംഭിക്കുന്നതിനും സ്പെഷ്യൽ ഗ്രേഡ് കോളേജാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം. അതോടൊപ്പം ഗോൾഡൻ ജൂബിലി സ്മാരകമായി പ്രത്യേക ലൈബ്രറി സ്ഥാപിക്കുന്നതിനും ഒഴിവുള്ള തസ്തികകൾ എത്രയും വേഗം നികത്തുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കാസർഗോഡ് ഗവൺമെന്റ് കോളേജിൽ മലയാളം ബി.എ., ബി.കോം എന്നീ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലുണ്ട്. 21-12-1999-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രത്യേക ഗ്രേഡ് കോളേജ്, സാധാരണ കോളേജ് എന്നിങ്ങനെയുള്ള തരംതിരിക്കൽ നിറുത്തലാക്കിയിരിക്കുകയാണ്. രണ്ട് കോടി രൂപ ചെലവിൽ സുവർണ്ണജൂബിലി സ്മാരക ലൈബ്രറി സമുച്ചയം നിർമ്മിക്കുന്നതിന് ഫണ്ട് സ്വരൂപിക്കൽ ഉൾപ്പെടെയുള്ള നടപടികൾക്ക് സ്ഥലം എം.എൽ.എ. ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കോളേജിൽ ഒഴിവുള്ള അധ്യാപക-അനധ്യാപക തസ്തികകളിൽ നിയമനം നടത്താൻ അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്.

(9) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണ പദ്ധതി

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണപദ്ധതി പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കെ.എസ്.ആർ.ടി.സി.-യുടെ ഫണ്ടിൽ നിന്നും 9,53,759 രൂപ ചെലവാക്കി ഡിപ്പോ എഞ്ചിനീയറുടെ ഓഫീസും ഗ്യാരേജും റീ-വയറിംഗ് നടത്തുകയും ഡിപ്പോയിലെ ഗാരേജിന്റെ യാർഡും ബസ് സ്റ്റേഷൻ യാർഡും ടാർ ചെയ്യുകയും ചെയ്തു. സെപ്റ്റിക് ടാങ്കിൽ ചോർച്ചയുണ്ടായിരുന്നത് മാറ്റി അതിന്റെ പണിയും പൂർത്തിയാക്കിയിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും ബസ് സ്റ്റാന്റുകൾ നവീകരിക്കാനും ഉദ്ദേശിച്ച് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനോടനുബന്ധിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന 30 വാണിജ്യ സമുച്ചയങ്ങളുടെ കൂട്ടത്തിൽ നെടുമങ്ങാട് ഡിപ്പോയേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(10) പി.എച്ച്.സി.-യെ സി.എച്ച്.സി ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. ശക്തൻ: ഒ.പി. വിഭാഗത്തിൽ ദിവസേന 600-ലധികം രോഗികൾ വരുന്ന മലയിൻകീഴ് പി.എച്ച്.സി.-യെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): മലയിൻകീഴ് പി.എച്ച്.സി. മലയോര മേഖലയിൽ പ്രവർത്തിക്കുന്ന കിടത്തി ചികിൽസയുള്ള ആശുപത്രിയായതിനാലും

ഡോക്ടർമാരും നേഴ്സുമാരും ആവശ്യത്തിന് ഉള്ളതിനാലും സി.എച്ച്.സി. ആയി ഉയർത്തുന്നതിനാവശ്യമായ നടപടി ഈ വർഷംതന്നെ സ്വീകരിക്കുന്നതാണ്.

(11) കോട്ടങ്ങൽ പഞ്ചായത്ത് വൈസ് പ്രസിഡന്റിനേയും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനേയും തട്ടിക്കൊണ്ടുപോയ സംഭവം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കോട്ടങ്ങൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരെ ഒരു സംഘം അക്രമികൾ തട്ടിക്കൊണ്ടുപോകുകയും അതിനുശേഷം സി.ഐ.-യുടെ ഓഫീസിൽ ഹാജരാക്കി അവർ സ്വയം പോയതാണെന്ന് എഴുതിവാങ്ങുകയും ചെയ്ത സംഭവത്തിനുത്തരവാദികളായവരുടെ പേരിൽ നിയമ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): 15-7-2008-ന് രാവിലെ കോട്ടങ്ങൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ സഞ്ചരിച്ചിരുന്ന ഓട്ടോയെ ഒരു ജീപ്പിൽ വന്ന കണ്ടാലറിയാവുന്ന 5 പേർ ചേർന്ന് തടഞ്ഞുനിർത്തി മെമ്പർമാരെ ബലമായി പിടിച്ചിറക്കി ജീപ്പിൽ കയറ്റിക്കൊണ്ടുപോയി എന്ന് പോലീസ് സർക്കിൾ ഇൻസ്പെക്ടറോട് ഓട്ടോറിക്ഷാ ഡ്രൈവർ സുനിൽ പരാതിപ്പെട്ടു. സുനിലിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരവേ അന്നുതന്നെ വൈകുന്നേരം 4.15-ഓടുകൂടി മേൽപ്പറഞ്ഞ രണ്ടു മെമ്പർമാർ മല്ലപ്പള്ളി സി.ഐ.-യുടെ മുമ്പിൽ ഹാജരാകുകയും കൂറുമാറിയതിലുള്ള കുറ്റബോധം നിമിത്തം മുൻകൂട്ടി നിശ്ചയിച്ചപ്രകാരം പഞ്ചായത്തു കമ്മിറ്റിയിൽ നിന്ന് വിട്ടുനിന്നതാണെന്നും സ്വയം ജീപ്പിൽ കയറി

പോയതാണെന്നും തങ്ങളെ ആരും തട്ടിക്കൊണ്ടു പോയിട്ടില്ലെന്നും മൊഴികൊടുത്തിട്ടുണ്ട്.

(12) ഇടുക്കി ജില്ലയിലെ തമിഴ് വംശജർക്കുള്ള ജാതി സർട്ടിഫിക്കറ്റ്

ശ്രീ. എസ്. രാജേന്ദ്രൻ: ഇടുക്കി ജില്ലയിലെ തമിഴ് വംശജർക്ക് ജാതി സർട്ടിഫിക്കറ്റും അവർക്കവകാശപ്പെട്ട വിദ്യാഭ്യാസാനുകൂല്യവും ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 1950-നുമുമ്പ് സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയ മറ്റ് സംസ്ഥാനങ്ങളിലെ പട്ടികജാതിയിൽപ്പെട്ടവർക്ക് അവർ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ടവരാണെന്ന് ബന്ധപ്പെട്ട സംസ്ഥാനത്തെ അധികാരികളുടെ സാക്ഷ്യപത്രത്തിന്റെയും കേന്ദ്രസർക്കാർ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. ഇപ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സ്ഥാവരജംഗമ സ്വത്തുക്കൾ സമ്പാദിച്ച് സ്ഥിരതാമസമാക്കണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിനുശേഷം കുടിയേറിപ്പാർത്തവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് അവർ ജനിച്ചുവളർന്ന സംസ്ഥാനത്തുനിന്നും അപേക്ഷകന്റെ പിതാവിന്റെ ജാതി സർട്ടിഫിക്കറ്റ് നൽകണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. ഇക്കാര്യത്തിൽ റവന്യൂ, പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പുകൾ തമ്മിൽ മന്ത്രിതല ചർച്ചകൾ നടത്തിയിട്ടുണ്ട്. ഗവൺമെന്റ് അതുസംബന്ധിച്ച് വ്യക്തതയോടുകൂടി ഒരു ഉത്തരവിറക്കാൻ ശ്രമിക്കുന്നതാണ്.

(13) നന്ദിയോട് പെരിങ്ങമ്മല പഞ്ചായത്തുകളിലെ പ്ലാന്റേഷനുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീമതി ജെ. അരുന്ധതി: നന്ദിയോട്, പെരിങ്ങമ്മല പഞ്ചായത്തുകളിലെ വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്ലാന്റേഷനുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കേരളത്തിൽ തടി അധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്കാവശ്യമായ തടിയുടേയും ഓട്, ഇഷ്ടിക വ്യവസായങ്ങൾക്കാവശ്യമായ വിറകിന്റേയും ലഭ്യത കുറഞ്ഞുവന്ന സാഹചര്യത്തിലാണ് വനംവകുപ്പ് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം എന്നീ വൃക്ഷങ്ങൾ നട്ടുവളർത്താൻ തുടങ്ങിയത്. ഈ വൃക്ഷങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സാമൂഹിക വനവൽക്കരണ പ്രക്രിയയിൽ നിന്നും ഇവയെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. പൊതുവിൽ എല്ലാവർക്കും സ്വീകാര്യമായ വൃക്ഷയിനങ്ങളായിരിക്കും ഇനി അവിടെ വച്ചുപിടിപ്പിക്കുക.

(14) ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിൽ നിന്നും വിരമിച്ചവർക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. കെ.ബി. ഗണേഷ് കുമാർ: പത്തനാപുരത്തെ ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിൽ നിന്നും വിരമിച്ചവർക്ക് നൽകാനുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): 1982-മുതൽ തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിന്റെ പുനരുദ്ധാരണത്തിന് പലതവണ ശ്രമിച്ചെങ്കിലും 2004-ൽ കമ്പനി അടച്ചുപൂട്ടേണ്ടിവരികയും 255 തൊഴിലാളികൾക്ക് വി.ആർ.എസ്. നൽകി എക്സ്ഗ്രേഷ്യാ, ഗ്രാറ്റുവിറ്റി, പി.എഫ്. എന്നീ ഇനങ്ങളിൽ 551.35

ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. പൂട്ടിക്കിടന്ന കാലത്തെ ശമ്പളത്തിന്റെ 50 ശതമാനം തൊഴിലാളികൾക്ക് നൽകണമെന്ന 2005-ലെ സർക്കാർ ഉത്തരവിൽ തൊഴിലാളികൾ അഡ്വാൻസായി കൈപ്പറ്റിയ തുക പ്രസ്തുത ശമ്പളത്തിൽ നിന്ന് തിരിച്ചുപിടിക്കണമെന്ന് പരാമർശിച്ചിരുന്നു. ട്രേഡ് യൂണിയൻ സംഘടനകൾ 50 ശതമാനം തുക പൂർണ്ണമായും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അത് പരിശോധിച്ചുവരികയാണ്. വി.ആർ.എസ്. നൽകിയ ജീവനക്കാർക്ക് കൊടുത്തുതീർക്കാനുള്ള ന്യായമായ ആനുകൂല്യങ്ങൾ എത്രയും വേഗം കൊടുത്തുതീർക്കുന്നതിന് ശ്രമിക്കും.

(15) <u>കൊയിലാണ്ടി ടൗണിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക്</u>

<u>ശ്രീ. പി. വിശ്വൻ:</u> കൊയിലാണ്ടി ടൗണിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കൊയിലാണ്ടി ബൈപ്പാസിന്റെയും റെയിൽവേ ഓവർബ്രിഡ്ജിന്റെയും പണി അടിയന്തിരമായി ആരംഭിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): ദേശീയപാത 17-ൽ വരുന്ന കൊയിലാണ്ടി ടൗണിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി അവിടെയുള്ള മേൽപ്പാലത്തിന്റെ ഒരു സ്പാൻ പ്രവൃത്തിയൊഴികെ ബാക്കി പണികൾ പൂർത്തീകരിക്കുകയും അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൊയിലാണ്ടി ഡീവിയേഷൻ റോഡ് യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി കൊയിലാണ്ടി റെയിൽവേ മേൽപ്പാലവും ഡീവിയേഷൻ റോഡും യാഥാർത്ഥ്യമാക്കിയാൽ മാത്രമേ ഇന്ന് അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണാൻ കഴിയൂ. റെയിൽവേ

മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനു വേണ്ടി തയ്യാറാക്കുന്ന സ്പെഷ്യൽ പ്രോജക്ടിൽ കൊയിലാണ്ടി ആർ.ഒ.ബി.-യെ ഉൾപ്പെടുത്തുന്നതിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ റോഡ്സ് ആന്റ് ബ്രിഡ്ജസിനെ ചുമതലപ്പെടുത്തുന്നതാണ്.

(16) <u>യൂത്ത് ഫ്രണ്ടിന്റെ സത്യാഗ്രഹ പന്തലിന് നേരെ നടന്ന ആക്രമണം</u>

<u>ശ്രീ. സി. എഫ്. തോമസ് :</u> കേരള യൂത്ത് ഫ്രണ്ടിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോബ് മൈക്കിളിനെ നിരാഹാരപന്തലിൽവച്ച് 19-07-2008-ന് എ.ഐ.എസ്.എഫ് പ്രവർത്തകരും ഡി.വൈ.എഫ്.ഐ. പ്രവർത്തകരും ചേർന്ന് ആക്രമിക്കുകയും സമരപന്തലിൽ തള്ളിക്കയറി പന്തൽ അടിച്ചുതകർക്കുകയും ചെയ്തു. നിരാഹാരപന്തലിന് മതിയായ പോലീസ് സംരക്ഷണം നൽകുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> മലപ്പുറത്ത് ക്ലസ്റ്റർ മീറ്റിംഗ് നടക്കുന്നതിനിടയിൽ അധ്യാപകൻ മരണപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ച് 19-07-2008-ന് അഞ്ച് മണിയോടുകൂടി അഞ്ഞൂറോളം എൻ.ജി.ഒ. യൂണിയൻ പ്രവർത്തകരും ഡി.വൈ.എഫ്.ഐ. പ്രവർത്തകരും അധ്യാപക സംഘടനകളും സെക്രട്ടേറിയറ്റ് പരിസരത്ത് നടത്തിയ പ്രകടന ജാഥയെ അഭിസംബോധന ചെയ്തുകൊണ്ട് സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി ശ്രീ. കടകംപള്ളി സുരേന്ദ്രൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പ്രകടനക്കാരിൽ ചിലർ പോലീസ് വലയം ഭേദിച്ച് മുന്നോട്ടുപോകുകയും യൂത്ത് ഫ്രണ്ട് നടത്തിവന്നിരുന്ന സമരപന്തലിനുനേരെ കല്ലേറ് നടത്തിയതുമായ സംഭവം പോലീസ് റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന

പോലീസുകാർ സമരപന്തലിനുചുറ്റും വലയം തീർക്കുകയും കൂടുതൽ പോലീസ് സേനയെ ഉപയോഗിച്ച് പ്രകടനക്കാരെ വിരട്ടിയോടിക്കുകയും ചെയ്തു. ഡിവൈഡറിൽ തൂക്കിയിരുന്ന കൊടിതോരണങ്ങളും ഫ്ളക്സ് ബോർഡും നശിപ്പിച്ചതുമായി ബന്ധപ്പെട്ട് ഏകദേശം മൂവായിരം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. യൂത്ത്ഫ്രണ്ട് സംസ്ഥാന സെക്രട്ടറി നസീം സലാമിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പോലീസ് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസെടുത്ത് അന്വേഷണം നടത്തിവരികയാണ്. സമാധാനപരമായി സമരവും സത്യാഗ്രഹവും നടത്തുന്നതിനെതിരെ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുകയില്ല. മറിച്ച് അക്രമാസക്തമായ വിധത്തിലുള്ള സമരങ്ങൾ ചെയ്ത് സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും.

(17) <u>പത്രപ്രവർത്തകർക്ക് മർദ്ദനമേറ്റ സംഭവം</u>

<u>ശ്രീ. മുരളി പെരുനെല്ലി:</u> മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടിയിൽ 19-07-2008-ന് മാധ്യമം ദിനപത്രത്തിന്റെ പ്രാദേശിക ലേഖകൻ നിഷാദിനേയും മംഗളം ദിനപത്രത്തിന്റെ ലേഖകൻ ബാബുവിനേയും അതിക്രൂരമായി മർദ്ദിച്ചവശരാക്കുകയും മാധ്യമ സ്വാതന്ത്ര്യത്തെ തകർത്ത് സമാധാന അന്തരീക്ഷം കലുഷിതമാക്കുകയും ചെയ്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> തൃശ്ശൂർ ജില്ലയിലെ പാവറട്ടി പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന വെൺമനാട് 19-07-2008-ന് രാത്രി പത്ത് മണിയോടെ മാധ്യമം ദിനപത്രത്തിന്റെ പ്രാദേശിക ലേഖകൻ നിഷാദിനെ യൂത്ത്

കോൺഗ്രസ്സ് പ്രവർത്തകർ ചേർന്ന് ദേഹോപദ്രവം ഏൽപ്പിക്കുകയുണ്ടായി. പ്രസ്തുത യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ മാധ്യമം പത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചതിന്റെ വിരോധത്തിലാണ് മർദ്ദിച്ചതെന്നാണ് നിഗമനം. യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. നിഷാദിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പത്രലേഖകർ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ സാൻജോസ് ആശുപത്രിയിലും ചികിത്സയിലാണ്. പ്രസ്തുത കേസിനെക്കുറിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുകയും സ്ഥലത്ത് ശക്തമായ പോലീസ് കാവൽ ഏർപ്പെടുത്തിയിരിക്കുകയുമാണ്.

### (18) മുണ്ടക്കയം കോൺഗ്രസ്സ് മണ്ഡലം കമ്മിറ്റി ഓഫീസിനുനേരെ നടന്ന ആക്രമണം

ശ്രീ. പി. സി. ജോർജ്ജ് : മുണ്ടക്കയത്ത് കോൺഗ്രസ്സ് (ഐ)-യുടേയും ഐ.എൻ.ടി.യു.സി.-യുടേയും സംയുക്ത യോഗം നടന്നു കൊണ്ടിരിക്കുമ്പോൾ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ പ്രകടനം നടത്തുകയും കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ചവശരാക്കുകയും ചെയ്തു. അക്രമികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : മുണ്ടക്കയത്ത് കോൺഗ്രസ്സ് കമ്മിറ്റി ഓഫീസിനുനേരെ സി.പി.ഐ.(എം) പ്രവർത്തകർ ആക്രമണം നടത്തുകയും ബെഞ്ച്, ഡെസ്ക്ക് തുടങ്ങിയവ നശിപ്പിച്ചതായി പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കണ്ടാലറിയാവുന്ന ആറ്

പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സി.പി.ഐ.(എം.) യോഗത്തിനുനേരെ കല്ലേറ് നടത്തിയെന്നതിന്റെ അടിസ്ഥാനത്തിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ പോലീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ഇത് സംബന്ധിച്ച് അന്വേഷണം ഊർജ്ജിതമാക്കാൻ പോലീസിന് നിർദ്ദേശം നൽകുന്നതുമാണ്.

(19) ആലപ്പുഴ മെഡിക്കൽ കോളേജിലെ ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. കെ. സി. വേണുഗോപാൽ : ആലപ്പുഴ മെഡിക്കൽ കോളേജിലെ റേഡിയേഷൻ സേഫ്റ്റി ആഫീസറുടെ അഭാവവും ഡയാലിസിസ് നടക്കാത്തതുമൂലവും ശസ്ത്രക്രിയ വിഭാഗം ശരിയായ വിധത്തിൽ പ്രവർത്തിക്കാത്തതിനാൽ പാവപ്പെട്ട രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് ഒരു ഉന്നതതല യോഗം വിളിച്ചുകൂട്ടി അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ആലപ്പുഴ ജില്ലയിൽ സ്വകാര്യ ആശുപത്രികളുടെ എണ്ണം കുറവാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ജനറൽ ആശുപത്രിയുടേയും സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടേയും നിലവാരം ഉയർത്താൻ തീരുമാനിച്ചത്. മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനത്താനത്തേയ്ക്ക് മാറ്റിയതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചുവരികയാണ്. ഡോക്ടർമാരുടെ അപര്യാപ്തതയ്ക്കും ശസ്ത്രക്രിയാ വിഭാഗത്തിലെ പരിമിതികൾക്കും പരിഹാരം കാണുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിച്ച 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറുത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

2008-ലെ ജലനയം സംബന്ധിച്ച് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന നടത്തി.

**നിയമനിർമ്മാണ കാര്യം**

(1) 2008-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): 2008-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ.തോമസ് ഐസക്):</u> 2008-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജിലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ.എൻ. ശക്തൻ:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവും വൈദ്യുതി, ബസ് ചാർജ് വർദ്ധനവുംമൂലം ജനങ്ങളുടെ ജീവിതം ദുസ്സഹമായി. വിദ്യാഭ്യാസ മേഖലയിൽ സ്വാശ്രയ പ്രശ്നവും പാഠപുസ്തക വിവാദവും ഇന്നും നിലനിൽക്കുകയാണ്. എസ്.എസ്.എസ്.എൽ.സി പരീക്ഷാഫലത്തിലും SAY- പരീക്ഷാഫലത്തിലും വ്യാപകമായ ക്രമക്കേടുകൾ നടത്തി. കാര്യക്ഷമതാ വർഷമായി ആചരിക്കുന്നതിന് വേണ്ടി Continuous Evaluation-ലൂടെ മോശമായ വിദ്യാർത്ഥികൾക്ക് മുഴുവൻ മാർക്കും നൽകിയതുവഴി അക്ഷരജ്ഞാനമില്ലാത്ത ഒരുപറ്റം മനുഷ്യക്കുഞ്ഞുങ്ങളെ സാക്ഷര കേരളത്തിന് സമ്മാനിച്ചു. വിദ്യാഭ്യാസ രംഗത്ത് വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി അന്യ സംസ്ഥാന വിദ്യാഭ്യാസ ലോബിയുമായുണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണ് അധികാരത്തിൽ വന്നയുടനെ സ്വാശ്രയ വിദ്യാഭ്യാസ നിയമം കൊണ്ടുവന്ന് മാനേജുമെന്റുകളെ സഹായിക്കാൻ തീരുമാനിച്ചത്. യു.ഡി.എഫ്. ഭരണകാലത്ത് മെഡിക്കൽ പ്രവേശനത്തിന് മെറിറ്റ് സീറ്റിന് 12,500 രൂപയായിരുന്നത് ഇപ്പോൾ 45,000 രൂപയായും മാനേജുമെന്റ് സീറ്റിന് 1,13,000 രൂപയായിരുന്നത് 5.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു.

അന്യസംസ്ഥാന ലോബികളെ സഹായിക്കുന്നതിനായി ജസ്റ്റീസ് മുഹമ്മദ് കമ്മിറ്റിയെ നോക്കുകുത്തിയാക്കിക്കൊണ്ടുള്ള ഫീസ് വർദ്ധനവാണ് ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്.

ശ്രീ. വി. ശിവൻകുട്ടി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് സാമ്പത്തിക അച്ചടക്കമുണ്ടാക്കുന്നതിനും ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ജീവനക്കാരുടെ ആനുകൂല്യങ്ങളും വിവിധ ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമ ആനുകൂല്യങ്ങളും മരവിപ്പിക്കുകയും സമ്പൂർണ്ണ നിയമന നിരോധനം കൊണ്ടുവരികയും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും വിറ്റഴിക്കുകയും ചെയ്യുന്ന നിലപാടായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ രണ്ടുവർഷംകൊണ്ട് സംസ്ഥാനത്തെ നികുതി വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും 17 ശതമാനം വരുമാന വളർച്ച കൈവരിക്കുന്നതിനും റവന്യു ചെലവിന്റെ 8-9 ശതമാനം നിയന്ത്രിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2010 ആകുമ്പോൾ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. മൂല്യ വർദ്ധിത നികുതി പിരിവ് കഴിഞ്ഞ രണ്ടുവർഷംകൊണ്ട് 74 ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നികുതി പിരിവിൽ ചിട്ടയായും ശാസ്ത്രീയവുമായ സമീപനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്നതോടുകൂടി വികസനപ്രവർത്തനങ്ങൾക്ക് പ്രതിവർഷം ഏതാണ്ട് 6000 കോടി രൂപ ഉപയോഗിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതിന്റെ ഭാഗമായിട്ടാണ് ഭൂമി ഏറ്റെടുക്കൽ, കുടിവെള്ള പദ്ധതികൾ, റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം എന്നിവയ്ക്കായി 1000 കോടി രൂപയുടെ ഭരണാനുമതി നൽകാൻ തീരുമാനി

ച്ചിട്ടുള്ളത്. മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിന്റെ ഫലമായി ട്രഷറി നിയന്ത്രണം ഒഴിവാക്കുന്നതിന് കഴിഞ്ഞു. കരാറുകാർക്കുള്ള കുടിശ്ശിക കൊടുത്തുതീർത്തു. എല്ലാവർഷവും പി.ഡബ്ല്യു.ഡി. റേറ്റ് റിവിഷൻ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ വേഗതയിലാക്കാൻ ശ്രമിച്ചുവരുന്നു. കുടിശ്ശിക യുൾപ്പെടെ 55 മാസത്തെ ക്ഷേമ പെൻഷനുകൾ കഴിഞ്ഞ രണ്ടുവർഷത്തി നിടയിൽ വിതരണം ചെയ്യുകയും പെൻഷൻ തുക വർദ്ധിപ്പിക്കുകയും ചെയ്തു. നിലത്തെഴുത്ത് ആശാന്മാർ, കക്കവാരൽ തൊഴിലാളികൾ, എന്നിവർക്ക് പെൻഷനും ക്ഷേമനിധിയും നടപ്പിലാക്കി. പരമ്പരാഗത മേഖലയ്ക്ക് ഉയർന്ന ബഡ്ജറ്റ് പരിഗണന നൽകി. കയർവ്യവസായ സഹകരണ സംഘങ്ങളുടെ പുനർ നിർമ്മാണത്തിനായി 104.75 കോടി രൂപയു ടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് 102.79 കോടി രൂപയുടെയും ധനസഹായം നൽകി. സർക്കാർ ജീവനക്കാരോടും പെൻഷൻകാരോടും സൗഹാർദ്ദപരമായ നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ 38 ലക്ഷത്തോളം വരുന്ന ബി.പി.എൽ. വിഭാഗത്തിനുകിട്ടേണ്ട ആനുകൂല്യം 10 ലക്ഷമാക്കി നിജപ്പെടുത്തിയിട്ടുള്ളത് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശവും മാനദണ്ഡങ്ങളും അനുസരിച്ചാണ്. കേരള ത്തിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കണമെങ്കിൽ സിവിൽ സർവ്വീസ് സംവിധാനത്തിൽ വലിയ അഴിച്ചുപണി നടത്തണം. വില്ലേജ് ഓഫീസ് മുതൽ ചീഫ് സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം അവസാനിപ്പിക്കണം. ക്ലാർക്കുമുതൽ ചീഫ് സെക്രട്ടറിവരെ ഫയലുകൾ കാണണമെന്നുള്ള രീതിയിൽ മാറ്റം വരുത്തണം. ഫൈൻ ആർട്ട്സ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കണം. ഫയലുകൾ തീർപ്പാക്കുന്നതിൽ വരുത്തുന്ന കാലതാമസം ഒഴിവാക്കണം.

<u>ശ്രീ. വി.കെ. ഇബ്രാഹീം കുഞ്ഞ്</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. 2008-09 വർഷത്തെ പദ്ധതി അടങ്കൽ തുക 7200.40 കോടി രൂപയുള്ളതിൽ 68% മാത്രമാണ് പദ്ധതി ചെലവുകൾക്കായി നീക്കിവച്ചിട്ടുള്ളത്. 2007-08-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 1790 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ എക്സ്പെൻഡിച്ചർ ക്വാളിറ്റി പരിശോധനയ്ക്ക് വിധേയമാക്കണം. സുസ്ഥിര നഗരവികസന പദ്ധതിയിൽ 5 വർഷംകൊണ്ട് 1200 കോടി രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് 2006-07-ൽ 6.49 കോടി രൂപയാണ് ഈ ഗവൺമെന്റ് ചെലവാക്കിയിട്ടുള്ളത്. ഈ വർഷം ബഡ്ജറ്റിൽ 200 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ടെങ്കിലും ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത് കേവലം 83.33 കോടി രൂപയ്ക്കാണ്. യു.ഡി.എഫ്. ഭരണ കാലത്ത് നിയമിച്ച കെ.ടി. തോമസ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മ്യൂണിറ്റി പോലീസ് സംവിധാനം നടപ്പാക്കിയത് സന്തോഷകരമാണ്. ഇന്ന് പോലീസ് സേനയിൽ ക്രിമിനലുകളും കുറ്റവാളി മാഫിയകളും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. സീനിയർ ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. പ്രൊമോഷൻ നൽകുന്നതിലുള്ള മാഫിയകളുടെയും ലോബികളുടെയും ഇടപെടൽ അവസാനിപ്പിക്കണം. മാഫിയകളേയും ക്രിമിലനുകളേയും ഒഴിവാക്കി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു പോലീസ് സേനയെ വാർത്തെടുക്കണം. ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ പ്രകാരം കേന്ദ്രത്തിൽ നിന്നുള്ള ധനസഹായം പരമാവധി ലഭ്യമാക്കി സംസ്ഥാനത്തെ വികസനത്തിന്റെ പാതയിലേയ്ക്ക് നയിക്കണം.

<u>ശ്രീ. കെ. രാജു</u>: ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. ധനകാര്യ മാനേജുമെന്റിൽ മികച്ച കാര്യക്ഷമത കൈവരിക്കാൻ രണ്ടു വർഷത്തെ

പ്രവർത്തനങ്ങൾകൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞു. പദ്ധതിച്ചെലവുകൾ വെട്ടിച്ചുരുക്കാതെ, ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ ചെലവുകൾ നിയന്ത്രിച്ച് കാര്യക്ഷമമായ ധനകാര്യമാനേജുമെന്റിലൂടെ ഗവൺമെന്റ് മുന്നോട്ടു പോകുന്നു. കരാറുകാരുടെ കുടിശ്ശികകൾ പരമാവധി കൊടുത്തു തീർത്തു. പി.ബ്ള്യൂ.ഡി. റേറ്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് ഷെഡ്യൂളിൽ മാറ്റം വരുത്താൻ നടപടികൾ സ്വീകരിച്ചു. പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചതിന്റെ ഫലമായി കാര്യക്ഷമമായ ട്രഷറി പ്രവർത്തം ഉറപ്പുവരുത്താൻ കഴിഞ്ഞു. നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാനും ചെക്കുപോസ്റ്റുകൾ അഴിമതി വിമുക്തമാക്കാനും സാധിച്ചു. വാളയാർ ചെക്കുപോസ്റ്റുമായി ബന്ധപ്പെട്ട് നടന്ന സോഷ്യൽ ആഡിറ്റിംഗിലൂടെ വാണിജ്യ നികുതി പിരിവിൽ വർഷങ്ങളായി നിലനിന്നിരുന്ന അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞു. നിലവിലുണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം അട്ടിമറിച്ച് കേന്ദ്ര അരി വിഹിതം വെട്ടിക്കുറച്ചതു വഴിയാണ് കേരളത്തിൽ അരിക്ഷാമവും വിലക്കയറ്റവും ഉണ്ടായതെന്നുള്ള കാര്യം പ്രതിപക്ഷം വിസ്മരിക്കരുത്. ട്രാൻസ്പോർട്ട് മേഖലയെ രക്ഷിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ ഗവൺമെന്റിനു കഴിഞ്ഞു. ഓരോ വർഷവും ആയിരം പുതിയ ബസ്സുകൾ വീതം വാങ്ങാനുള്ള നയപരമായ തീരുമാനമെടുത്തു. ചെയ്സിസ് വാങ്ങുന്നതിലെ അഴിമതി അവസാനിപ്പിക്കാൻ കഴിഞ്ഞു. കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയെ സംരക്ഷിക്കാൻ കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് നൽകാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞു. നയരേഖയിലൂന്നിക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ഈ ഗവൺമെന്റ് മുൻതൂക്കം നൽകുന്നത്. ഈ ഗവൺമെന്റിന്റെ പ്രതിച്ഛായയെ തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി പാഠപുസ്തക

വിവാദത്തിന്റെ പേരിൽ അക്രമങ്ങൾ അഴിച്ചു വിടുന്ന പ്രതിപക്ഷത്തിന്റെ സമരപരിപാടി ഉപേക്ഷിക്കണം. മിനിമം കോമൺ പ്രോഗ്രാമിൽ പറയുന്ന കാര്യങ്ങൾ പോലും നടപ്പിലാക്കാൻ യു.പി.എ. ഗവൺമെന്റ് തയ്യാറാകുന്നില്ല. ആണവക്കരാർ മാത്രമല്ല പെട്രോൾ, ഡീസൽ, തുടങ്ങി നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിൽ പ്രതിഷേധിച്ചാണ് ഇടതുപക്ഷം കേന്ദ്രപിന്തുണ പിൻവലിച്ചത്. ആണവക്കരാർ പ്രശ്നത്തിൽ ഇന്ത്യയെ അമേരിക്കയ്ക്ക് അടിയറവ് വയ്ക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. സി.എഫ്. തോമസ്</u>: ധനവിനിയോഗബില്ലിനെ എതിർക്കുന്നു. രണ്ടു വർഷത്തെ ഭരണത്തിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നവകാശപ്പെടുന്ന ഗവൺമെന്റ് ആ പണം എന്തിനുവേണ്ടി വിനിയോഗിച്ചു എന്നു വ്യക്തമാക്കണം. ജനജീവിതം ഇത്രത്തോളം ദുസ്സഹമായ ഒരു കാലഘട്ടം മുമ്പൊരിക്കലുമുണ്ടായിട്ടില്ല. രണ്ടു വർഷംകൊണ്ട് ഇത്രയേറെ ജനങ്ങളുടെ എതിർപ്പിനെ നേരിടേണ്ടി വന്ന ഒരു ഗവൺമെന്റും കേരളം ഭരിച്ചിട്ടില്ല. പണം ചെലവഴിക്കേണ്ട മേഖലകൾ ഏതൊക്കെ എന്നു തിട്ടപ്പെടുത്തുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. വിലക്കയറ്റം കൊണ്ട് ജനങ്ങൾ നട്ടംതിരിയുകയാണ്. ക്രൂഡോയിലിനും ഡീസലിനുമുണ്ടായ വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷനാവശ്യമായ സബ്ഡിസി അനുവദിക്കണം. വിലക്കയറ്റം നിയന്ത്രിക്കാതെ ക്ഷേമപെൻഷൻ തുകകൾ വർദ്ധിപ്പിക്കുന്നതുകൊണ്ട് പ്രയോജനമില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനത്തിനാവശ്യമായ പണം അനുവദിക്കണം. ബസ് ചാർജ്ജും വൈദ്യുതി ചാർജ്ജും ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വികലമായ വിദ്യാഭ്യാസ നയങ്ങൾ

പാഠപുസ്തകങ്ങളിലൂടെ വിദ്യാർത്ഥികളുടെ മേൽ അടിച്ചേല്പ്പിക്കാൻ ശ്രമിച്ചാൽ അതിനെ അതിശക്തമായി എതിർക്കും. ജനകീയവും വ്യവസ്ഥാപിതവുമായ മാർഗ്ഗത്തിലൂടെ സമരം നടത്താനുള്ള ജനങ്ങളുടെ അവകാശങ്ങളെ അടിച്ചമർത്തുന്നത് ഒരു ഗവൺമെന്റിനും ഭൂഷണമല്ല. ലോകത്തെ മാറ്റങ്ങൾക്കനുസൃതമായ വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നൽകണം. പാഠപുസ്തകങ്ങൾ മെച്ചപ്പെട്ട നിലവാരത്തിൽ പരിഷ്ക്കരിക്കണം.

ശ്രീ. കെ.പി. മോഹനൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. വരുമാനം വർദ്ധിപ്പിച്ച് മണ്ഡലങ്ങളിലെ വിവിധ മേഖലകളിലേയ്ക്ക് ധനലഭ്യത ഉറപ്പാക്കുന്ന കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടില്ല. കാര്യക്ഷമത ഉയർത്തിയും ധനസ്ഥിതി മെച്ചപ്പെടുത്തിയുമാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയതിന്റെ ഫലമായി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കർഷകത്തൊഴിലാളി പെൻഷനടക്കമുള്ള വിവിധ പെൻഷനുകളുടെ കുടിശ്ശികകൾ കൊടുത്തു തീർക്കാൻ കഴിഞ്ഞു. മെച്ചപ്പെട്ട ധനകാര്യമാനേജുമെന്റിലൂടെ സമസ്ത മേഖലകളിലും നേട്ടം കൈവരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. 2007-08 സാമ്പത്തിക വർഷം ലക്ഷ്യമിട്ടതിന്റെ 90 ശതമാനത്തോളം നികുതി പിരിച്ചെടുക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്ന് രണ്ട് വർഷത്തിനുള്ളിൽ വരുമാനം വർദ്ധിപ്പിച്ചും ചെലവ് ചുരുക്കിയും ധനസ്ഥിതി മെച്ചപ്പെടുത്തി. 2010-ഓടുകൂടി റവന്യുകമ്മി ഇല്ലാതാക്കി മൂലധനച്ചെലവിൽ വൻകുതിച്ചുകയറ്റമുണ്ടാക്കും. കൂടുതൽ ഡോക്ടർമാരെ നിയമിച്ചും അവർക്ക് മെച്ചപ്പെട്ട സേവന ആനുകൂല്യങ്ങൾ നൽകിയും ആരോഗ്യരംഗം കൂടുതൽ മെച്ചപ്പെടുത്താനും പ്ളാൻ ഫണ്ടുപയോഗിച്ച് കാർഷിക രംഗം

ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം. ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ ആവശ്യമായ പണം അനുവദിക്കണം. മലബാർ മേഖലയിൽ കൂടുതൽ ട്രാൻസ്പോർട്ട് ബസ്സുകൾ അനുവദിച്ചത് പ്രശംസനീയമാണ്. വൈദ്യുതി രംഗത്ത് മികച്ച നേട്ടമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

ശ്രീ. കെ.സി. രാജഗോപാലൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് രണ്ട് വർഷമായി നികുതികൾ പിരിച്ചെടുത്തും ആവശ്യത്തിന് ഫണ്ട് വിനിയോഗിച്ചും മെച്ചപ്പെട്ട സാമ്പത്തിക മാനേജ്മെന്റാണ് നടപ്പാക്കി വരുന്നത്. 2010-ഓടുകൂടി കമ്മി ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയിൽ 1600 കോടി രൂപ കൊടുത്തു. സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കാനും കുടിശ്ശിക കൊടുത്തുതീർക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയെ തകർക്കുന്ന സമീപനമാണ് യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിച്ചിരുന്നതെങ്കിൽ ഈ ഗവൺമെന്റ് തൊഴിൽദിനങ്ങളും ആനുകൂല്യങ്ങളും വർദ്ധിപ്പിച്ച് ഈ മേഖലയെ ശക്തിപ്പെടുത്തി. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്ന നയമാണ് യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിച്ചിരുന്നതെങ്കിൽ അവയെ ലാഭത്തിലാക്കാനുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ട്രാക്കോ കേബിൾ പുനരുദ്ധരിപ്പിച്ചു. വിൽക്കുന്നതിന് കരാർ ഉറപ്പിച്ച ഷുഗർ ഫാക്ടറി കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കുന്നതിന് ബിവറേജസ് കോർപ്പറേഷനെ ഏൽപ്പിച്ച നടപടി സ്വാഗതാർഹമാണ്. കേന്ദ്രം അരിവിഹിതം വെട്ടിക്കുറച്ച

സാഹചര്യത്തിലും അന്യ സംസ്ഥാനങ്ങളിൽനിന്ന് അരി കൊണ്ടുവന്ന് കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് കൃഷിക്കാരെ സഹായിക്കുന്ന യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സംസ്ഥാന ഗവൺമെന്റ് നെല്ലിന് തറവില വർദ്ധിപ്പിച്ചും ആയിരം പച്ചക്കറി ഗ്രാമങ്ങൾ ആരംഭിച്ചും സ്വയംപര്യാപ്തത നേടാനുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ വർഷവും ആയിരം ബസ്സുകൾ വീതം ഇറക്കുന്നതിന് സാമ്പത്തിക സഹായം നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഗ്രാമീണ കുടിവെള്ള പദ്ധതികൾ, റോഡുകൾ, പാലങ്ങൾ, തോടുകൾ തുടങ്ങി മുടങ്ങിക്കിടക്കുന്ന വലുതും ചെറുതുമായ പദ്ധതികൾ പൂർത്തീകരിക്കാൻ പണം അനുവദിച്ചത് എടുത്തുപറയത്തക്ക നേട്ടമാണ്. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള ജനക്ഷേമകരമായ പരിപാടികളാണ് ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. തോട്ടം തൊഴിലാളികൾക്കും ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്കും നെൽകർഷകർക്കും അംഗൻവാടി പ്രവർത്തകർക്കും ക്ഷേമപദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൂട്ടിക്കിടന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചു.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സർക്കാർ ധനാഗമമാർഗ്ഗങ്ങൾ വർദ്ധിപ്പിച്ച് സംസ്ഥാനത്ത് എങ്ങനെ വികസന പ്രവർത്തനങ്ങൾ വിഘ്നാതം കൂടാതെ നടത്താമെന്നത് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷത്തിനുപോലും കുറ്റംപറയാൻ സാധിക്കാത്ത രീതിയിലാണ് വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് കർഷകരോട് അവഗണന കാണിക്കുമ്പോഴും ഈ ഗവൺമെന്റ് നെല്ല് സംഭരിക്കാനും കർഷക

കടാശ്വാസ കമ്മീഷൻ രൂപീകരിക്കാനുമുള്ള നടപടി സ്വീകരിച്ചു. ഒരു കർഷക ആത്മഹത്യപോലും 2007 -ൽ ഉണ്ടായിട്ടില്ല. കേന്ദ്രത്തിന്റെ കർഷക വഞ്ചനയ്ക്കെതിരെ കർഷകസംഘടനകൾ സമരരംഗത്തിറങ്ങാൻ പോകുകയാണ്.

ശ്രീ. എം.കെ. പുരുഷോത്തമൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ ഭരണം, കേരളത്തിന്റെ സാമ്പത്തിക മേഖലയേയും സമ്പദ്ഘടനയേയും താറുമാറാക്കി കടുത്ത സാമ്പത്തിക അരാജകത്വത്തിലേയ്ക്ക് മാറ്റിയിരുന്ന സന്ദർഭത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. രണ്ട് വർഷം പിന്നിടുന്ന ഈ ഗവൺമെന്റിന് കേരളത്തിന്റെ സാമ്പദ്ഘടനയെ ഭദ്രമാക്കാനും ധൂർത്തും അഴിമതിയും ഒഴിവാക്കി മികച്ച ധനകാര്യ മാനേജുമെന്റിലൂടെ സുസ്ഥിരമായ വികസന പാതയൊരുക്കാനും കഴിഞ്ഞിട്ടുണ്ട് മുൻകാല ഗവൺമെന്റുകൾ അവഗണിച്ചിരുന്ന കാർഷിക മേഖലയിൽ ഉൾപ്പെടെ നവജീവൻ നൽകാനും ആത്മവിശ്വാസത്തിലൂടെ ജനസമൂഹത്തെ വളർത്തിക്കൊണ്ടുവരാനും ഇച്ഛാശക്തിയോടുകൂടിയുള്ള നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. യു.ഡി.എഫ് ഗവൺമെന്റ് കേരളത്തിലെ കാർഷിക മേഖലയേയും വ്യാവസായിക മേഖലയേയും ഗ്രാമീണ മേഖലയേയും അവഗണിച്ച് ഇൻഫർമേഷൻ ടെക്നോളജിയുടേയും ബയോ ടെക്നോളജിയുടേയും പാതയിലേയ്ക്ക് പോകാനാണ് താൽപ്പര്യം കാണിച്ചത്. കേരളത്തിലെ മഹാഭൂരിപക്ഷം ജനങ്ങളേയും നിത്യദാരിദ്ര്യ കയത്തിലേയ്ക്ക് വലിച്ചെറിയുന്ന നയസമീപനമായിരുന്നു യു.ഡി.എഫ് സ്വീകരിച്ചിരുന്നത്.

അടിസ്ഥാനമേഖലകളെ സഹായിക്കാനും സാമ്പത്തിക മേഖലയിലും സാമൂഹ്യജീവിതത്തിലും ഒരു നവചൈതന്യം സംഭാവന ചെയ്യാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് കർഷക ആത്മഹ ത്യയുടെ തോത് വർദ്ധിച്ചിരുന്നു. കാർഷികമേഖലയിൽ ഇടപെടാനും കൃഷി ക്കാരിൽ ആത്മവിശ്വാസം വളർത്താനും ഈ ഗവൺമെന്റ് എടുത്ത നടപടി യുടെ ഫലമായി കർഷക ആത്മഹത്യ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ലാഭ കരമായി പ്രവർത്തിച്ചിരുന്ന വ്യവസായശാലകളെ വിറ്റഴിക്കാനാണ് കഴിഞ്ഞ സർക്കാർ ശ്രമിച്ചിരുന്നതെങ്കിൽ ഈ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചതിന്റെ ഫലമായി ഇത്തരം സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യ സേവന മേഖലകളിൽ ഗവൺമെന്റിന്റെ ശക്തമായ സാന്നിദ്ധ്യം ഉണ്ടായത് ഈ കാലഘട്ടത്തിലാണ്. ദുർബല ജനവിഭാഗങ്ങളെ സംരക്ഷിക്കുന്ന പെൻഷൻ പദ്ധതി ഉൾപ്പെടെയുള്ള സാമൂഹ്യ ക്ഷേമ പദ്ധതികൾ സമയബന്ധി തമായി നടപ്പിലാക്കാനും ഈ ഇനത്തിലുണ്ടായിരുന്ന ഭീമമായ കുടിശ്ശിക കൊടുത്തുതീർക്കാനും അവരുടെ പെൻഷൻ സംഖ്യ വർദ്ധിപ്പിക്കാനുമുള്ള നയസമീപനമാണ് ഈ സർക്കാർ സ്വീകരിച്ചത്. ലക്ഷക്കണക്കിന് കർഷക ത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക മാർച്ചുമാസം വരെയുള്ളത് കൊടു ത്തുതീർത്തു. കഴിഞ്ഞ സർക്കാർ സാമ്പത്തിക പ്രതിസന്ധിയുടെ ന്യായം പറഞ്ഞ് നിയമന നിരോധനം നടപ്പിലാക്കുകയും വികസന പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കുകയും ജനക്ഷേമകാര്യങ്ങൾ മരവിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സർക്കാർ പാവപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസം പകരുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാരുടെ കുടിശ്ശിക തുക കൊടുത്തുതീർക്കാത്തതുമൂലം അവർ വർക്കുകൾ ബഹി

ഷ്ക്കരിച്ചിരുന്ന അവസ്ഥയ്ക്കു പരിഹാരം ഉണ്ടാക്കാൻ സാധിച്ചു. ഭൂരിപക്ഷം ജനങ്ങളുടേയും താൽപ്പര്യം സംരക്ഷിച്ചുകൊണ്ടും അവരിൽ ആത്മവിശ്വാസം വളർത്തിയും സർക്കാർ മുന്നോട്ടുപോവുകയാണ്. സമരങ്ങൾ നടത്തി സർക്കാരിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങളെ തടയിടാൻ യു.ഡി.എഫ്.-ന് കഴിയില്ല.

<u>ശ്രീ. യു.സി. രാമൻ:</u> ധനവിനിയോഗബില്ലിനെ എതിർക്കുന്നു. സുനാമി ഫണ്ട് വിനിയോഗം, മലയോര വികസനം, സമ്പൂർണ്ണ പാർപ്പിട പദ്ധതി, ആദി വാസി ഭൂമി വിതരണം തുടങ്ങിയവയ്ക്ക് മുന്തിയ പരിഗണന നൽകുമെന്നും അടിയന്തിര നടപടി സ്വീകരിക്കുമെന്നുള്ള വാഗ്ദാനങ്ങളല്ലാതെ യാതൊരു നടപടിയും ഈ സർക്കാർ സ്വീകരിക്കുന്നില്ല. വിഡ്ഢിത്തങ്ങൾ ചെയ്യുന്ന ഒരു വകുപ്പായി വിദ്യാഭ്യാസ വകുപ്പ് മാറിയിരിക്കുന്നു. ഈ സർക്കാർ വാദി യോ പ്രതിയോ ആയ കേസ്സുകളിൽ അനുകൂലമായ ഒരു വിധി സമ്പാദി ക്കാൻപോലും സർക്കാരിന് കഴിയുന്നില്ല. സംസ്ഥാനത്തെ ജനങ്ങൾ മാരക രോഗങ്ങൾക്ക് അടിമപ്പെടുന്നു. മാനേജ്മെന്റ് ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ ഫീസ് ഈ സർക്കാർ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നു. എല്ലാ വകുപ്പിന്റേയും നിയന്ത്രണം ധനകാര്യവകുപ്പ് ഏറ്റെടുത്തിരി ക്കുന്നതുമൂലം സ്വതന്ത്രമായി പ്രവർത്തിക്കാൻ വകുപ്പുകൾക്ക് സാധിക്കുന്നില്ല. ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്കനുയോജ്യമായ ഗുണ ഫലം സിദ്ധിക്കുന്ന തരത്തിൽ അത് ചെലവഴിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം. ജെയിംസ് അഗസ്റ്റിൻ മരിച്ചത് തികച്ചും ദൗർഭാഗ്യകരമാണ്. അതിന്റെ പേരിൽ യു.ഡി.എഫ്-നെയും ഐ.യു.എം.എൽ-നെയും തേജോവധം ചെയ്യുന്നത് ശരിയല്ല. മുസ്ലീം ലീഗിന്റെ മാർഗ്ഗവും ലക്ഷ്യവും അക്രമ രാഷ്ട്രീയമല്ല.

ശ്രീ. എം. ഹംസ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകിക്കൊണ്ട് ജനജീവിതമാകെ മെച്ചപ്പെടുത്തുന്നതിനായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ നടപടികളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കുകയും വിലക്കയറ്റം സൃഷ്ടിക്കുകയും നാണയപ്പെരുപ്പം കൊണ്ട് ജനങ്ങളെയാകെ ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന പുതിയ സാമ്പത്തിക നയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ദിശാബോധം നൽകുന്ന, ശക്തമായ ധനകാര്യ മാനേജുമെന്റിലൂടെ കാര്യക്ഷമമായി ചെലവ് ചെയ്യുന്ന ജനപക്ഷ നിലപാട് സ്വീകരിക്കുന്ന ഒരു സർക്കാരാണിത്. 17 മുതൽ 20 ശതമാനം വരെ വരുമാന വർദ്ധനവുണ്ടാക്കിക്കൊണ്ടും 74 ശതമാനം VAT നികുതി പിരിച്ചെടുത്തുകൊണ്ടും റെക്കോർഡ് സൃഷ്ടിച്ച് സർക്കാർ മുന്നോട്ട് പോവുകയാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഴിമതി തടയുന്നതിന് വാളയാർ ചെക്ക്പോസ്റ്റിൽ അഴിമതി കാണിച്ച പ്രമുഖന്മാരെയുൾപ്പെടെ കയ്യാമം വയ്ക്കുന്നതിന് ഈ സർക്കാരിന് കഴിഞ്ഞു. റവന്യൂ കമ്മി 2010-ൽ പൂജ്യം ശതമാനത്തിലേയ്ക്ക് എത്തിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ പോകുന്നത് മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിന്റെ ഉദാഹരണമാണ്. ട്രഷറി പൂട്ടിയ അവസ്ഥയുണ്ടായില്ലെന്നു മാത്രമല്ല പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് ജനങ്ങളുടെ പങ്കാളിത്തത്തോടെ മുന്നോട്ട് പോവുകയും ചെയ്യുന്നു. കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുകയും 15 കോടി രൂപയുടെ പുരോഗതി ലക്ഷ്യമിട്ട കെ.എസ്.എഫ്.ഇ.-യെ 44 കോടി രൂപയുടെ പുരോഗതിയിലേയ്ക്ക്

എത്തിക്കാനും കെ.എഫ്.സി.-യെ 205 ശതമാനം വളർച്ചാ നിരക്കിൽ എത്തിക്കാനും കഴിഞ്ഞു. പൊതുമേഖലാ സംരംഭക രംഗത്തും വ്യാവസായിക രംഗത്തുമുള്ള വളർച്ചയ്ക്ക് തൊഴിലാളി സംഘടനകളുടേയും ജീവനക്കാരുടെയുമെല്ലാം പങ്കാളിത്തത്തോടുകൂടിയാണ് നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞത്. സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ. കുടിശ്ശികയുൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും കൊടുത്തുതീർത്തു. സർക്കാർ ജീവനക്കാരുടെ കുറ്റകരമായ അനാസ്ഥയ്ക്കെതിരെ നടപടിയുണ്ടാകണം. ഭരണപരിഷ്ക്കാര കമ്മിഷന്റെ തീരുമാനം നടപ്പാക്കി സിവിൽ സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുൾപ്പെടെയുള്ള എല്ലാ വകുപ്പുമന്ത്രിമാരും മാസത്തിലൊരിക്കൽ ജീവനക്കാരുടെ അറ്റൻഡൻസ് പരിശോധിക്കുകയും കൃത്യനിർവ്വഹണത്തിലേർപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ആണവക്കരാറിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് നിരവധി ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആണവക്കരാർ രാജ്യത്തെ ദുർബലപ്പെടുത്തുക മാത്രമേയുള്ളൂ. ഇതെല്ലാം അവഗണിച്ചുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ആണവക്കരാറുമായി മുന്നോട്ടുപോകുന്നത്. പാഠപുസ്തകവിവാദവുമായി ബന്ധപ്പെട്ട് നടത്തുന്ന സമരത്തിനും അക്രമങ്ങൾക്കും പ്രതിപക്ഷം ജനങ്ങളോട് മാപ്പുപറയേണ്ടി വരും.

ശ്രീ. പി.സി. ജോർജ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ജനോപകാരപ്രദമായ രീതിയിൽ ധനവിനിയോഗം നടത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സ്വകാര്യ മേഖലയ്ക്ക് അനുകൂലമായ വിധത്തിൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ച നടപടി ജനങ്ങളെ ദുരിതത്തിലാ

ഴ്ത്തിയിരിക്കുകയാണ്. സംസ്ഥാനത്തു നടക്കുന്ന കൊലപാതകങ്ങളുടെ അന്വേഷണം സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം ശരിയല്ല. ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറുന്ന, ജനങ്ങളോട് പ്രതിബദ്ധ തയില്ലാത്ത ഒരു സർക്കാരാണ് സംസ്ഥാനം ഭരിക്കുന്നത്. .31 സ്വർണ്ണക്കടകളിൽ റെയ്ഡ് നടത്തി നികുതി പിരിച്ചെടുത്ത നടപടി തുടർന്നു നടത്താൻ ധനകാര്യവകുപ്പിന് സാധിച്ചിട്ടില്ല. നികുതിയിനത്തിൽ സംസ്ഥാ നത്തിന് കിട്ടേണ്ടതായ കോടിക്കണക്കിന് രൂപ ഇതുമൂലം നഷ്ടപ്പെ ട്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനവുമായി ബന്ധപ്പെട്ട യഥാർത്ഥ കണക്കുകൾ വെളിപ്പെടുത്തണം.

<u>ശ്രീമതി കെ.കെ. ലതിക:</u> ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. അധ്യാപകനായ ജെയിംസ് അഗസ്റ്റിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പ്രതിക്കൂട്ടിൽ നിൽക്കുമ്പോഴും അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്. പാഠപുസ്തകവുമായി ബന്ധപ്പെട്ട ഇത്തരത്തി ലുള്ള അക്രമ രാഷ്ട്രീയം ഉപേക്ഷിക്കാൻ പ്രതിപക്ഷം തയ്യാറാകണം. സംസ്ഥാനത്തെ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് ഇൻഡ്യയ്ക്കു തന്നെ മാതൃകയാണ്. പണപ്പെരുപ്പം നിയന്ത്രണാതീതമായ സാഹചര്യത്തിൽ അമേരിക്കൻ സാമ്രാജ്യത്വത്തിനു മുമ്പിൽ ഇൻഡ്യയെ അടിയറവ് വയ്ക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്. യാഥാർത്ഥ്യങ്ങൾക്കു നിരക്കാത്ത രീതിയിലുള്ള വാർത്തകളാണ് മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്.

<u>ശ്രീ. പി.എം.എ. സലാം:</u> ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു. റവന്യൂ വരുമാനം വർദ്ധിപ്പിച്ചും ചെലവ് കുറച്ചും നികുതി പിരിവ് കർശന മാക്കിയും സാമ്പത്തിക ഭദ്രത കൈവരിക്കാനുള്ള ശ്രമങ്ങളാണ് ധനകാര്യവ കുപ്പ് നടത്തുന്നത്. 2010-ഓടെ കേരളത്തിലെ റവന്യൂ കമ്മി ഇല്ലാതാക്കാൻ

സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമായി. ആണവക്കരാർ അനിവാര്യമെന്നു പറയുന്ന കോൺഗ്രസ്സും മുസ്ലീം ലീഗും രാഷ്ട്ര സ്വാതന്ത്ര്യം ഹനിക്കുകയാണ്. പാഠപുസ്തകവിവാദവുമായി ബന്ധപ്പെട്ട് അദ്ധ്യാപകന്റെ മരണത്തെപ്പോലും രാഷ്ട്രീയവൽക്കരിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. പാഠപുസ്തകവിവാദം സംബന്ധിച്ച കമ്മിറ്റി നിർദ്ദേശ പ്രകാരം തിരുത്തലുകൾ വരുത്തിക്കഴിഞ്ഞ സാഹചര്യത്തിൽ ഈ വിവാദ സമരത്തിൽനിന്ന് പ്രതിപക്ഷം പിന്തിരിയണം.

<u>ശ്രീ. കെ. സി. ജോസഫ്</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞവർഷം പാസ്സാക്കിയ തുക മുഴുവനും ചെലവഴിക്കാതെ ധനദുർ വിനിയോഗം നടത്തിയ ഒരു ഗവൺമെന്റിന് ഇത്തരത്തിലൊരു ബിൽ കൊണ്ടു വരാൻ അർഹതയില്ല. കടാശ്വാസ കമ്മീഷനുവേണ്ടി പ്ലാൻ-നോൺ പ്ലാൻ ഇനത്തിൽ 129.5 കോടി രൂപയും പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ട് 38.66 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. ഒരു വർഷംകൊണ്ട് മുപ്പത്തിമൂവായിരം അപേക്ഷകൾ സ്വീകരിച്ച് തീർപ്പ് കൽപ്പിച്ചിട്ട് കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള കടാശ്വാസം നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം അനുവദിച്ച കേന്ദ്ര സഹായമായ 301.24 കോടി രൂപ നാഷണലൈസ്ഡ് ബാങ്കുകളെയും സഹകരണ ബാങ്കുകളെയും ഒഴിവാക്കി സ്വകാര്യ ബാങ്കായ ഐ.സി.ഐ.സി.ഐ. ബാങ്കിൽ നിക്ഷേപിച്ച് വൻ അഴിമതി നടത്തിയിരിക്കുകയാണ്. എനർജി ക്രൈസിസ്സിൽനിന്നും മോചനം നേടാൻ അറ്റോമിക് എനർജിയെ ആശ്രയിക്കേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. കമ്പ്യൂട്ടറൈസേഷനെയും ടെലിവിഷനെയും ട്രാക്ടറിനെയും

ഉൾപ്പെടെ എല്ലായ്പ്പോഴും മാറ്റങ്ങളെ എതിർത്തവരാണ് ഇടതുപക്ഷ കക്ഷികൾ. യു.പി.എ. ഗവൺമെന്റിനെ അധികാരത്തിൽ നിന്നിറക്കാൻ വർഗ്ഗീയശക്തികളെ കൂട്ടുപിടിക്കുന്ന സമീപനമാണ് സി.പി.ഐ.(എം.) സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. പി. കുഞ്ഞുണ്ണി : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അഭൂതപൂർവ്വമായ നേട്ടങ്ങളുടെ റെക്കോർഡുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. സാമൂഹ്യനീതി, സമഗ്രവികസനം എന്ന ഇടുതപക്ഷജനാധിപത്യമുന്നണിയുടെ മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ നടപ്പിലാക്കാനുള്ള പരിശ്രമങ്ങളാണ് കഴിഞ്ഞ രണ്ട് വർഷംകൊണ്ട് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഗുണപരമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ മാറ്റം ധനസമാഹരണത്തിലും ധനവിനിയോഗത്തിലും ഒന്നുപോലെ പ്രതിഫലിക്കുകയാണ്. വരുമാനം വർദ്ധിപ്പിച്ചും ചെലവ് കുറച്ചും സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുക എന്ന തന്ത്രം നടപ്പിലാക്കിയിരിക്കുകയാണ്. നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുകയും അതുവഴി സമാഹരിക്കുന്ന തുക സാർവ്വത്രികമായി പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ഉപയോഗിക്കുകയും ചെയ്യുകയാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി മേഖലകളെ മെച്ചപ്പെടുത്താനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയില്ലാതെ കൊടുത്തുതീർത്തു. വിവിധ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചു. 24 മാസം കൊണ്ട് 55 ക്ഷേമ പെൻഷൻ കുടിശ്ശികയും കരാറുകാരുടെ 22 മാസത്തെ കുടിശ്ശികയും കൊടുത്തുതീർത്തു. ഫലപ്രദമായ ഇടപെടലിലൂടെ വാണിജ്യ

നികുതിപ്പിരിവ് ഊർജ്ജിതപ്പെടുത്തി വരുമാനം വർദ്ധിപ്പിച്ചു. കൃഷി-വ്യവസായ മേഖലകളെ ഉയർത്തെഴുന്നേൽപ്പിക്കാനും നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനും കഴിഞ്ഞു. സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടതിലൂടെ കേരളത്തിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം ഉണ്ടാക്കാനും കർഷക ആത്മഹത്യകൾ പൂർണ്ണമായി അവസാനിപ്പിക്കാനും സാധിച്ചു. അനധികൃത ഭൂമി കയ്യേറ്റങ്ങൾ തടയാൻ നടപടി സ്വീകരിച്ചു. ഈ ഗവൺമെന്റ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഇ.എം.എസ്. പാർപ്പിട പദ്ധതിയും ലക്ഷംവീട് നവീകരണ പദ്ധതിയും നടപ്പിലാക്കിയിരിക്കുകയാണ്. കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്താനുതകുന്നവിധം ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പോലീസിനെ ജനങ്ങളുടെ സുഹൃത്തും സഹായിയുമായി മാറ്റാനുള്ള പ്രവർത്തനങ്ങളിലൂടെ കമ്മ്യൂണിറ്റി പോലീസിംഗ് നടപ്പിലാക്കി. ഗുണ്ടാ-മാഫിയകളുടെ വിളയാട്ടത്തിന് അറുതിവരുത്താനും ക്രമസമാധാന രംഗത്ത് മുന്നേറ്റം നടത്താനും കഴിഞ്ഞു. എല്ലാ രംഗത്തും മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് എല്ലാ വകുപ്പുകൾക്കും ആവശ്യമായ പണം അനുവദിക്കണം.

ശ്രീ. എൻ. രാജൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടുവർഷമായി സംസ്ഥാനത്ത് കാര്യക്ഷമതയും സൂക്ഷ്മതയുമുള്ള ഒരു ധനവിനിയോഗമാണ് ഉണ്ടായിട്ടുള്ളത്. കൃത്യമായ നികുതിപിരിവിലുടെ വരുമാനവർദ്ധനവുണ്ടാക്കാനുള്ള സമീപനം കൈക്കൊണ്ടിട്ടുണ്ട്. 2007-08-ൽ ലക്ഷ്യംവച്ചതിൽ 73.66 ശതമാനം തുക പിരിച്ചെടുക്കാൻ ജനുവരി 31 ആയപ്പോൾത്തന്നെ സാധിച്ചിട്ടുണ്ട്. ഇത് ഇൻഡ്യയിലെ ഏറ്റവും ഉയർന്ന

നിരക്കാണ്. സെയിൽസ് ടാക്സ്, ലോട്ടറി ടാകസ്, എക്സൈസ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് തുടങ്ങിയ ഇനങ്ങളിലൊക്കെ വൻ വർദ്ധനവാണ് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഉണ്ടായിട്ടുള്ളത്. കുടിശ്ശികയായിരുന്ന ക്ഷേമപെൻഷനുകൾ മുഴുവൻ കൊടുത്തുതീർക്കാൻ സാധിച്ചു. സംസ്ഥാന ചരിത്രത്തിൽത്തന്നെ ഏറ്റവും ഉയർന്ന ബഡ്ജറ്റ് വിഹിതമാണ് പരമ്പരാഗത വ്യവസായ മേഖലയ്ക്ക് വേണ്ടി നീക്കിവച്ചിട്ടുള്ളത്. ലക്ഷക്കണക്കിന് സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി വികസന കോർപ്പറേഷൻ നവീകരിക്കുന്നതിനും തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയടക്കം കൊടുത്തുതീർക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തിയതുവഴി വിലനിലവാരം പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരോടും പെൻഷൻകാരോടും സൗഹാർദ്ദപരമായ സമീപനം കൈക്കൊണ്ടിട്ടുണ്ട്. നിലവിലുണ്ടായിരുന്ന ജനദ്രോഹനയങ്ങൾ തിരുത്തി താഴ്ന്ന വിഭാഗം ജീവനക്കാരുടെ ശമ്പള സ്കെയിലുകളിൽ വർദ്ധനവ് വരുത്തി. മഹിളാപ്രധാൻ ഏജന്റുമാരെ സഹായിക്കാനുള്ള നടപടികൾ ആവിഷ്ക്കരിച്ചു. ടാക്സ് പിരിക്കുന്ന കാര്യത്തിൽ ട്രഷറികളെ സജീവമായി പങ്കെടുപ്പിച്ചു. ട്രഷറികളിൽ കൂടി സോഷ്യൽ ആഡിറ്റ് നടത്തി പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു. മൂന്നു പതിറ്റാണ്ടുകളായി മൊത്തം ബഡ്ജറ്റ് വിഹിതത്തിന്റെ അര ശതമാനത്തിൽ താഴെ മാത്രമാണ് മൂലധനച്ചെലവിനായി വിനിയോഗിച്ചിരുന്നതെങ്കിൽ ഈ വർഷത്തെ ബഡ്ജറ്റിൽ അത് ഒരു ശതമാനമാണ് ലക്ഷ്യമിടുന്നത്. കുടിവെള്ള പദ്ധതികൾക്ക് എസ്റ്റിമേറ്റ് എടുത്ത് പണി തുടങ്ങുമെന്നും റയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണങ്ങൾക്ക് ഭരണാനുമതി നൽകുമെന്നും ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി., പൊതുവിതരണ

ശൃംഖല ഇവ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഉന്നത ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുകൂട്ടി അവരവരുടെ മണ്ഡല വികസനവുമായി ബന്ധപ്പെട്ട ഓരോ പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക അനുവദിക്കുമെന്ന് ഉറപ്പുനൽകി. എല്ലാ വകുപ്പിലും ആവശ്യമായ തുകകൾ വളരെ സൂക്ഷ്മതയോടെ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ധനവിനിയോഗം ശരിയായ ദിശയിൽ നടക്കുന്നു എന്നുള്ളതിനുദാഹരണമാണ് ഈ ഗവൺമെന്റിന്റെ ജനക്ഷേമകരങ്ങളായ പദ്ധതികളും വ്യാവസായിക കാർഷിക മേഖലയിൽ ഈ ഗവൺമന്റ് സ്വീകരിക്കുന്ന നടപടികളും. ഉൽപ്പാദനം വർദ്ധിപ്പിക്കാനും കർഷകരെ സഹായിക്കാനും പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറക്കാനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കാൻ ബഡ്ജറ്റിൽ നിശ്ചയിച്ചു കൊടുക്കുന്ന തുക വർഷാവസാനമാകുമ്പോൾ ചെലവഴിക്കുന്നില്ല എന്നുള്ള പോരായ്മ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ഫലമായി എത്ര തുകവേണമെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കാമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതുൾപ്പെടെ ഒട്ടേറെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കാണ് ധനം വിനിയോഗിച്ചിട്ടുള്ളത്. ഇന്തോ-അമേരിക്കൻ ആണവകരാറിനെ കമ്മ്യൂണിസ്റ്റ് പാർട്ടി അതിന്റെ ആദ്യ ഘട്ടത്തിൽതന്നെ എതിർത്തിരുന്നു. രാജ്യത്തിന്റെ താൽപ്പര്യങ്ങൾ അമേരിക്കയ്ക്ക് അടിയറവച്ചുകൊണ്ടുള്ള നിലപാടിനെയാണ് ഈ ഗവൺമെന്റ് എതിർക്കുന്നത്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ വർഷവും ധനവിവിയോഗ ബിൽ പാസ്സാക്കിയെങ്കിലും പ്ലാൻ എക്സ്പെന്റിച്ചറിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ഗുരുതരമായ വീഴ്ച വരുത്തുകയുണ്ടായി. 2006-07-ൽ പ്ലാൻ എക്സ്പെന്റിച്ചർ 71.62 ശതമാനമായിരുന്നുവെങ്കിൽ 2007-08-ൽ 72.87 ശതമാനമാണ്. കർഷക കടാശ്വാസ നിയമം പാസ്സാക്കിയെന്ന് അവകാശപ്പെടുമ്പോഴും ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായത്തിന് പുറമേ മറ്റെന്തെങ്കിലും സഹായം ചെയ്യാൻ രണ്ട് വർഷത്തിനകം കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഒരു കർഷകൻപോലും ആത്മഹത്യ ചെയ്തിട്ടില്ലെന്ന് മുഖ്യമന്ത്രി അവകാശപ്പെടുമ്പോഴും 168 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്നാണ് കൃഷി വകുപ്പുമന്ത്രി നിയമസഭ യിൽ പറഞ്ഞിട്ടുള്ളത്. കടാശ്വാസ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം 129.5 കോടി രൂപ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയിരുന്നുവെങ്കിലും യാതൊരു തുകയും കടാശ്വാസത്തിനായി നൽകിയിട്ടില്ല. ഇ.എം.എസ്. പാർപ്പിട പദ്ധതിക്കുവേണ്ടി നീക്കിവച്ചിരുന്ന 17 കോടി രൂപ ലക്ഷം വീട് പുനരുദ്ധാരണത്തിനായി റി-അപ്രോപ്രിയേറ്റ് ചെയ്യുകയാണുണ്ടായത്. കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ച ആരോഗ്യ സുരക്ഷ ഇൻഷ്വറൻസ് പദ്ധതിയാണ് സാധാരണക്കാർക്ക് ഏറെ പ്രയോജനം ചെയ്യുന്നത്. പാവപ്പെട്ടവർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ സ്വകാര്യ കമ്പനികൾ പാടില്ലെന്ന് പറഞ്ഞ് എതിർത്തവരാണ് ഇപ്പോൾ ഭരണപക്ഷത്തിരിക്കുന്നത്. യു.ഡി.എഫിന്റെ ഭരണകാലത്ത് 621 പഞ്ചായത്തുകളിലും 17 മുനിസിപ്പാലിറ്റുകളിലുമായി നടപ്പിലാക്കിയ ആശ്രയ

പദ്ധതി ആകെ 69 പഞ്ചായത്തുകളിലും 5 മുനിസിപ്പാലിറ്റികളിലുമാണ് രണ്ട് വർഷം കൊണ്ട് നടപ്പിലാക്കിയിരിക്കുന്നത്. റേഷൻ കടകളിലൂടെ പാവപ്പെട്ടവർക്ക് മൂന്ന് രൂപയ്ക്ക് 25 കിലോഗ്രാം അരി കൊടുക്കുന്നുവെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ 17 കിലോഗ്രാം മാത്രമാണ് ചില സ്ഥലങ്ങളിൽ കൊടുക്കുന്നത്. സ്മാർട്ട് സിറ്റിക്ക് വ്യവസായ വകുപ്പിന്റെ കീഴിലുള്ള കിൻഫ്രയിൽനിന്ന് 13 ഏക്കർ ഭൂമി വിട്ടുകൊടുത്തിട്ടുണ്ടെങ്കിലും വില തീരുമാനിച്ചിട്ടില്ലെന്നാണ് പറയുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുമെന്ന് പറഞ്ഞിട്ട് യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് നിശ്ചയിച്ച വിലയേക്കാൾ കുറച്ചാണ് 23.5 ഏക്കർ ഭൂമി സ്മാർട്ട് സിറ്റിക്കുവേണ്ടി മൂന്ന് സ്വകാര്യ കമ്പനികൾക്ക് കൊടുത്തത്. സ്മാർട്ട് സിറ്റിപോലെയൊരു സംരംഭം അഞ്ച് കൊല്ലത്തേയ്ക്ക് എറണാകുളം ജില്ലയിൽ തുടങ്ങുകയില്ലെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ എറണാകുളം ജില്ലയിൽ മാത്രമല്ല കേരള ത്തിലെവിടേയും പ്രത്യേക സാമ്പത്തിക മേഖല തുടങ്ങുന്നതിനുവേണ്ടി വ്യവസായ വകുപ്പിൽനിന്ന് കൊടുക്കുന്ന അപേക്ഷ ചീഫ് മിനിസ്റ്ററുടെ ആഫീസിൽനിന്നും കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നില്ല. സ്മാർട്ട് സിറ്റി യുടെ മാർക്കറ്റിംഗ് കഴിഞ്ഞുമാത്രമേ പ്രത്യേക സാമ്പത്തിക മേഖല വരാവൂ. കരിമ്പട്ടികയിലുൾപ്പെടുത്തുമെന്ന് തീരുമാനിച്ച കെ.എസ്.ടി.പി കമ്പനിയുമായി യു.ഡി.എഫ്-ന്റെ കാലത്തേക്കാൾ ഇപ്പോൾ 120 കോടി രൂപയുടെ അധിക എഗ്രിമെന്റ് വച്ചു. എ.ഡി.ബി വായ്പ, സ്വാശ്രയ കോളേജുകൾ എന്നിവയുൾപ്പെടെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് എതിർത്ത പല കാര്യങ്ങളും ഇപ്പോൾ നടപ്പിലാക്കുന്നു. എൽ.ഡി.എഫ്. ഭരണത്തെപ്പറ്റി കോടതികളിൽ നിന്നും രൂക്ഷ വിമർശനങ്ങൾ ഉണ്ടാകുന്നുണ്ട്. ക്രമസമാധാനം പാലിക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടു.

വൈദ്യുതിയുടെ ഷോർട്ടേജ് പ്രശ്നം പരിഹരിക്കുന്നതിലൂടെ രാജ്യതാൽപര്യം സംരക്ഷിക്കാനാണ് ആണവക്കരാറിലൂടെ യു.പി.എ. സർക്കാർ ശ്രമിക്കുന്നത്. ആണവ വിഷയത്തിൽ 1 2 3 എഗ്രിമെന്റ് പ്രകാരം കരാറിലേർപ്പെടുന്ന രണ്ട് രാജ്യങ്ങൾക്കും ഒരുപോലെ ഏത് സമയത്തും കരാറിൽ നിന്നും പിന്മാറാൻ സാധിക്കും. ആണവക്കരാർ ഒപ്പു വയ്ക്കുന്നത് സംബന്ധിച്ച് പാർലമെന്റിന്റെ ഹിതം അനുസരിച്ച് മാത്രമേ മുന്നോട്ടുപോകുകയുള്ളൂ. ആണവക്കരാറിന്റെ ഗുണഭോക്താക്കൾ ഇൻഡ്യയിലെ പാവപ്പെട്ട ജനങ്ങളാണ്. ഇൻഡ്യയെ പ്രകാശപൂരിതമാക്കാനുള്ള ഈ കരാർ നടപ്പിലാകുകയാണെങ്കിൽ സ്വതന്ത്ര ഇൻഡ്യയുടെ ചരിത്രത്തിലെ വലിയ കാൽവെയ്പ്പായി അംഗീകരിക്കപ്പെടും..

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : എൻ.ആർ.എച്ച്. എം.-ൽ കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച 300 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കാതെ ഐ.സി.ഐ.സി.ഐ. ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നു എന്നുള്ള വിമർശനമുണ്ടായി. ആ തുക ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് അനുവാദം ഇല്ലായിരുന്നു. ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് പണം നേരിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. ഇപ്പോഴത് എൻ.ജി.ഒ.-മാർക്ക് കൊടുത്ത് നടപ്പാക്കാനാണ് പോകുന്നത്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരുമായി അന്നത്തെ യു.ഡി.എഫ്. സർക്കാർ എം.ഒ.യു ഒപ്പുവയ്ക്കുകയും കേന്ദ്ര ആരോഗ്യ വകുപ്പിന്റെ നിർദ്ദേശമനുസരിച്ച് 15-3-2006-ലെ സർക്കാർ ഉത്തരവുപ്രകാരം ഐ.സി.ഐ.സി.ഐ. ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയുമാണ് ചെയ്തത്. കേന്ദ്രസർക്കാർ ഐ.സി.ഐ.സി.ഐ. ബാങ്കിൽ നിക്ഷേപിക്കുന്ന പണം സംസ്ഥാന സർക്കാരിന്റെയോ ആരോഗ്യ വകുപ്പിന്റെയോ കൈയിൽ തരാതെ അതാത് സ്ഥാപനങ്ങൾക്ക് ലഭിക്കുകയാണ് ചെയ്യുന്നത്. ക്വാളിറ്റി എക്സ്പെൻഡിച്ചർ സംബന്ധിച്ച് ഇവിടെ പറ

യുകയുണ്ടായി. എക്സ്റ്റേർണലി എയിഡഡ് പ്രോജക്ടിന്റെ 2000 കോടി രൂപ മുഴുവൻ ചെലവാക്കിയാൽ മാത്രമേ പ്ലാൻ എക്സ്പെൻഡിച്ചർ പൂർണ്ണമാക്കാൻ കഴിയുകയുള്ളൂ. നിർവ്വഹണ സംവിധാനത്തിലെ പോരായ്മകൊണ്ട് ആ തുക പൂർണ്ണമായി ചെലവാക്കാൻ കഴിയാതെ വരുന്നത് ക്വാളിറ്റി ഓഫ് എക്സ്പെൻഡിച്ചറിനെ ബാധിക്കുന്നുണ്ട്. ഈ പോരായ്മകൾ പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പിലെ നടപടിക്രമങ്ങളിൽ ചില മാറ്റങ്ങൾ കൊണ്ടുവരണം. അതിന് സെക്രട്ടേറിയറ്റിൽ വരുന്ന ഫയലുകളുടെ എണ്ണം പകുതിയാക്കി കുറയ്ക്കുകയും മറ്റുള്ളവ താഴെത്തട്ടിൽ തീരുമാനമെടുക്കാൻ കഴിയുകയും ചെയ്യണം. ഫിനാൻസിൽ വരുന്ന ഫയലുകളിൽ വേഗത്തിൽ തീരുമാനമെടുക്കുന്നതു സംബന്ധിച്ച നയപരമായ കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളാണ് പരിഗണിക്കുന്നത്. പുതിയ പ്ലാൻ സ്കീമുകളിൽ 3 കോടി രൂപയിൽ കൂടുതലുണ്ടെങ്കിൽ മാത്രം ഫിനാൻസിൽ വന്നാൽ മതി, അല്ലാത്തവ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് സെക്രട്ടറി അദ്ധ്യക്ഷനായ വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ച് ഭരണാനുമതി കൊടുക്കണം. 3 കോടി രൂപയിൽ കൂടുതൽ വന്നാൽ മാസത്തിൽ രണ്ടുതവണ ഫിനാൻസ് സെക്രട്ടറി, പ്ലാനിംഗ് സെക്രട്ടറി, എക്സ്പെൻഡിച്ചർ സെക്രട്ടറി, ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ സെക്രട്ടറിമാർ എന്നിവരടങ്ങുന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് തീരുമാനിക്കുകയും രണ്ടാഴ്ചയ്ക്കുള്ളിൽ പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുകയും ചെയ്യണം. നൂറുശതമാനം കേന്ദ്രാവിഷ്കൃതമായ പദ്ധതികളിൽ, ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് തന്നെ കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിക്കുകയും പണം വാങ്ങുകയും എ.എസ്. കൊടുക്കുകയും ചെയ്യണം. അതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ ഇന്റിമേറ്റ് ചെയ്താൽ മതി, പെർമിഷൻ വാങ്ങ

ണമെന്നില്ല. സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യമുള്ള പദ്ധതികൾക്ക് നോംസിന് വിധേയമായി ബഡ്ജറ്റ് പ്രൊവിഷനുണ്ടെങ്കിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് നേരിട്ട് പദ്ധതി സമർപ്പിക്കാം, ഇല്ലെങ്കിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വരണം. തുടർ പദ്ധതികൾക്ക് ഒരിക്കൽ അനുമതി ലഭിച്ചാൽ പിന്നെ ഫിനാൻസ് വകുപ്പിലേയ്ക്ക് അയയ്ക്കാതെതന്നെ കേന്ദ്രാവിഷ്കൃത നോംസ് അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന് അനുമതി കൊടുത്ത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് നടപ്പാക്കാം. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന നിശ്ചിത ക്യാപിറ്റൽ ടേണോവറുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിന് തീരുമാനമെടുക്കാനുള്ള അവകാശം നൽകും. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വാണിജ്യാടിസ്ഥാനത്തിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യവും അതിനുതകുന്ന വിധത്തിൽ പ്രൊഫഷണൽ മാനേജുമെന്റും വേണം. റൂൾസ് റിലാക്സേഷന്റെ പ്രശ്നമില്ലാത്ത ഒരു ലീവിനും ഫിനാൻസിന്റെ അനുമതി വേണ്ട. ബഡ്ജറ്റ് പ്രൊവിഷനുള്ളതും കെ.എസ്.ആർ.-ന് അനുസൃതമായിട്ടുള്ളതുമാണെങ്കിൽ ആരെ ട്രെയിനിംഗിന് വിടുന്നതിനും ഫിനാൻസിന്റെ അനുമതി വേണ്ട. ഫോറിൻ ടൂറുകൾക്ക് ഫിനാൻഷ്യൽ കമിറ്റുമെന്റ് ഇല്ലെങ്കിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വരാതെ നേരിട്ട് മുഖ്യമന്ത്രിയുടെ അനുമതി വാങ്ങിയാൽ മതി. കെ.എസ്.ആർ. പ്രകാരമുള്ള ഹയർ സ്റ്റഡീസിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ആവശ്യമില്ല. പി.ഡബ്ല്യു.ഡി.-യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് ഫിനാൻസിന്റെ അനുമതി ആവശ്യമില്ല. പി.ഡബ്ല്യു.ഡി.യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും റെന്റ് ഫിക്സേഷൻ ഓർഡറുമില്ലെങ്കിൽ 30,000 രൂപവരെ പ്രതിമാസ വാടക

വരുന്നത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് എടുക്കാവുന്നതാണ്. 5 ലക്ഷം രൂപ വരെയുള്ളത് ഡിസ്പോസ് ചെയ്യുന്നതിന് ഫിനാൻസിന്റെ അനുമതി ആവശ്യമില്ല. പഴയ കെട്ടിടങ്ങൾ പൊളിക്കുന്നതിന് മൂന്നുലക്ഷം രൂപവരെ അനുവാദം ആവശ്യമില്ല. മരം മുറിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി മാത്രം മതി. പഴയ വാഹനങ്ങൾ റിപ്പെയർ ചെയ്യുന്നതിന് 30,000 രൂപ വരെയും പുതിയ വർക്കുകൾക്ക് ഒരു കോടി രൂപവരെയും ഫിനാൻസിന്റെ അനുമതി ആവശ്യമില്ല; ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടായിരുന്നാൽ മതി. Maintenance of water supply and drainage schemes എന്നിവ ഒന്നര ലക്ഷം രൂപവരെയും കെട്ടിടങ്ങളുടെ ആനുവൽ മെയിന്റനൻസ് 3 ലക്ഷം രൂപവരെയും ബന്ധപ്പെട്ട വകുപ്പിന് തീരുമാനിക്കാം. Purchase of stores other than for works 50 ലക്ഷം രൂപവരെയും കമ്പ്യൂട്ടർ വാങ്ങുന്നതിന് 25 ലക്ഷം രൂപവരെയും ബന്ധപ്പെട്ട വകുപ്പിന് തീരുമാനിക്കാം. ഫയലുകൾ നീങ്ങുന്നതുമൂലമുള്ള കാലതാമസം ഒഴിവാക്കുന്നതിന് മേജർ ഡിപ്പാർട്ടുമെന്റുകൾ ഒരു നോഡൽ ഓഫീസറെ നിശ്ചയിച്ച് ഫോളോ അപ് ചെയ്ത് തീർപ്പാക്കുകയും കാര്യങ്ങൾ നടത്താനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്യാം. ഫയലുകളുടെ റുട്ടീൻ മൂവ്മെന്റിനെ സംബന്ധിച്ച് ഒരു കോമ്പെൻഡിയം ഇറക്കുകയും രണ്ടാഴ്ചയ്ക്കുള്ളിൽ ഫയലുകളിൽ തീർപ്പുകല്പിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. സെക്രട്ടേറിയറ്റിൽ വരാതെ ഡയറക്ടറേറ്റിനും വകുപ്പ് തലവന്മാർക്കും ചെയ്യാൻ കഴിയുന്നത് ഫിനാൻഷ്യൻ ഡെലിഗേഷനാണ്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുള്ള സ്പെസിഫിക് ഓർഡർ പിന്നീട് ഇറക്കുന്നതാണ്. സെറിമോണിയൽ ഫംഗ്ഷൻസ് 1,500 രൂപയിൽ നിന്നും 8,000 രൂപയായും.

ആക്ഷനറി ഡിസ്പോസൽ 50,000 രൂപയിൽ നിന്ന് 1,00,000 രൂപയായും പെറ്റി എക്സ്പെൻസസ് 1000 രൂപയിൽ നിന്നും 5,000 രൂപയായും. കണ്ടിജൻസി ചെലവ് 10,000 രൂപയിൽ നിന്ന് 25,000 രൂപയായും. പ്രിന്റിംഗ് ചാർജ്ജ് 20,000 രൂപയിൽ നിന്ന് 50,000 രൂപയായും സ്റ്റേഷനറി പർചേസ് 1,000 രൂപയിൽ നിന്നും 20,000 രൂപയായും സ്റ്റോർസ് ആന്റ് പർചേസ് 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായും ഉയർത്തുന്നതാണ്. ഹയറിംഗ് ഓർ റെന്റിംഗ് ഓഫ് പ്രൈവറ്റ് ബിൽഡിംഗ്സ് 2,500 രൂപയിൽ നിന്നും 10,000 രൂപ വരെ പി.ഡബ്ള്യൂ.ഡി.ക്ക് സാംഗ്ഷൻ ചെയ്യാവുന്നതാണ്. ഗവൺമെന്റ് വെഹിക്കിൾസ് റിപ്പെയറിന്റെ ലിമിറ്റ് 25,000 രൂപയിൽ നിന്നും 50,000 രൂപയായി ഉയർത്തുന്നതാണ്. മേജർ ഹെഡ്സ് ഓഫ് ഡിപ്പാർട്ടുമെന്റ് വർക്ക്സ് ഏഴര ലക്ഷത്തിൽ നിന്ന് പതിനഞ്ച് ലക്ഷം രൂപയായും മൈനർ ഹെഡ്സ് ഓഫ് ഡിപ്പാർട്ടുമെന്റ് 5 ലക്ഷം രൂപയിൽ നിന്നും 8 ലക്ഷം രൂപയായും ഉയർത്തും. മൊത്തം പാക്കേജിന്റെ ഭാഗമായി ഇനിയും തുക വർദ്ധിപ്പിക്കാവുന്നതാണ്. ചീഫ് എഞ്ചിനീയേഴ്സ് ലോക്കൽ വർക്ക്സ് 15 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായി ഉയർത്തും. ഇതിനു പുറമെ റൂട്ടിനായിട്ടുള്ള കണ്ടിന്യൂയിംഗ് പർചേസുകൾക്ക് ബഡ്ജറ്റ് പ്രൊവിഷനുണ്ടെങ്കിൽ അതാതു വകുപ്പുകൾക്ക് വാങ്ങാം. പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ എ.ഇ.-മാർക്ക് ചെറിയ തുകകൾ ചെലവഴിക്കാൻ മുമ്പുണ്ടായിരുന്ന അധികാരം പുന:സ്ഥാപിക്കുന്ന കാര്യം പ്രഖ്യാപിച്ചു കഴിഞ്ഞു. അത് ഓപ്പറേഷണലൈസ് ചെയ്യേണ്ട കാര്യമേയുള്ളൂ. ജീവനക്കാരെ റീ ഡിപ്ലോയ് ചെയ്യാൻ സാധിച്ചിട്ടില്ല. ടെക്നിക്കൽ കേപ്പബിലിറ്റിയുടെ കുറവുമുണ്ട്. അതിന് റ്റാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്സുമായി കൊളോബറേറ്റ് ചെയ്ത് ആവശ്യമായ

ട്രെയിനിംഗ് നൽകുന്നതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ രണ്ടു സെക്ഷൻ പ്രവർത്തിപ്പിക്കുന്നതാണ്. ക്വാളിറ്റേറ്റീവ് ട്രെയിനിംഗ് നടത്തും. ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ശക്തിപ്പെടുത്തുക വഴി . ക്വാളിറ്റി ഓഫ് എക്സ്പെൻഡിച്ചർ ഉയർത്താൻ കഴിയുന്നതാണ്. സിആന്റ് എ.ജി.യുടെ രണ്ടാമത്തെ പ്രീ ആക്ചൽസ് അനുസരിച്ച് 2006-07-ൽ റവന്യൂ എക്സ്പെൻഡിച്ചർ 15.69 ശതമാനത്തിൽ നിന്ന് 16.77 ശതമാനമായും റവന്യൂ വരുമാനം 13.7 ശതമാനത്തിൽ നിന്ന് 14.2 ശതമാനമായും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 0.68 ശതമാനത്തിൽ നിന്ന് 0.99 ശതമാനമായും വർദ്ധിച്ചിട്ടുണ്ട്. റവന്യൂ ഡെഫിസിറ്റ് 2.56 ശതമാനമായും ഫിസ്ക്കൽ ഡെഫിസിറ്റ് 4.11 ശതമാനമായും കുറഞ്ഞിട്ടുണ്ട്. എ.ജി.-യുടെ കണക്കുപ്രകാരം ഡെബ്റ്റ് 39.11 കോടി രൂപയിൽ നിന്ന് 37.32 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. 2005-06-ൽ സർക്കാരിന്റെ മൊത്തം ചെലവ്, 19,471 കോടി രൂപയായിരുന്നത് 2006-07-ൽ 22,076 കോടി രൂപയായി വർദ്ധിച്ചു. ഇപ്പോൾ 27,259 കോടി രൂപയായി. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ ചെലവ് കുറഞ്ഞിട്ടുണ്ട്. 2010-11 ആകുമ്പോൾ, ഈ വർഷം അനുവദിച്ചതിനേക്കാൾ കൂടുതൽ കേന്ദ്ര വിഹിതം അനുവദിച്ചാൽ റവന്യൂ കമ്മിയില്ലാതാക്കാൻ കഴിയും. രണ്ടായിരം കോടി രൂപയുടെ മൂലധനച്ചെലവിനുള്ള ഭരണാനുമതി ഈ വർഷം കിട്ടി. 1000 കോടി രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. ഇന്നത്തെ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. റെയിൽവേ ഓവർബ്രിഡ്ജ്, ഫി.ഷിംഗ് ഹാർബർ, പാലങ്ങൾ തുടങ്ങിയ പ്രവൃത്തികൾ കൂടി ഏറ്റെടുക്കുമ്പോൾ 20 ശതമാനം വച്ച് റവന്യൂ കൂടുമെന്നാണ് പ്രതീക്ഷിക്കുന്നത്. 10 ശതമാനത്തിനപ്പുറം റവന്യൂ ചെലവ് കൂടാൻ പാടില്ല. റവന്യൂ ചെലവിൽ മിതത്വം പാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ

അതിരൂക്ഷമായ ട്രഷറി സ്തംഭനത്തിലേയ്ക്ക് എത്തുമെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങൾക്ക് സമാശ്വാസം നൽകുന്ന കാര്യങ്ങളിൽ ഉദാരമായ ഒരു സമീപനമുണ്ടാകേണ്ടതുണ്ട്. വർഗ്ഗീയതയെ ചെറുക്കുന്നതിനുവേണ്ടി നമുക്കൊരുമിച്ചു നിൽക്കാം. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ന്യൂക്ലിയർ എനർജി ഒരു വയബിൾ ഓപ്ഷനായി കരുതുന്നില്ല. പാശ്ചാത്യ രാജ്യങ്ങളിൽപോലും ന്യൂക്ലിയർ പവർ പ്ലാന്റുകളുടെയെണ്ണം കുറവാണ്. 1996-നു ശേഷം അമേരിക്ക ഒരൊറ്റ ന്യൂക്ലിയർ പവർ പ്ലാന്റ് പോലും കമ്മീഷൻ ചെയ്യുകയോ പണിയാൻ ലൈസൻസ് കൊടുക്കുകയോ ചെയ്തിട്ടില്ല. യു.പി.എ. ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളെ ഇടതുപക്ഷം അംഗീകരിക്കുന്നില്ല. ഒരു കോമൺ മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ വർഗ്ഗീയ ശക്തികൾ അധികാരത്തിൽ വരാതിരിക്കാൻ വേണ്ടിയാണ് ഒരു ധാരണയുടെ അടിസ്ഥാനത്തിൽ ഇടതുപക്ഷം യു.പി.എ. ഗവൺമെന്റിനെ പിന്താങ്ങിയത്. ഒരു ലക്ഷത്തി നാല്പതിനായിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ഏകദേശം നാലു ലക്ഷം കോടി രൂപ മുതൽമുടക്കേണ്ടി വരും. അമേരിക്കയുടെ ലൈറ്റ് വാട്ടർ റിയാലിറ്റിയിലേയ്ക്ക് ഇന്ത്യ മാറുകയാണ്. ഇന്ത്യ അമേരിക്കയുടെ 1-2-3 നിയമത്തിൽ എൻ.പി.റ്റി സൈൻ ചെയ്താലേ യുറേനിയം കൊടുക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥയെ മറി കടക്കാൻ വേണ്ടിയാണ് ഹൈഡ് ആക്ട് കൊണ്ടു വന്നത്. സംസ്ഥാന ഗവൺമെന്റ് കർഷക കടാശ്വാസ കമ്മീഷനെ നിയമിച്ചു. വിദർഭാ പാക്കേജിന്റെ ഭാഗമായി കടാശ്വാസം നൽകാൻ 110 കോടി രൂപ മൂന്ന് ജില്ലകൾക്ക് കൊടുത്തു. ഒരു ഏക്കറിൽ താഴെ ഭൂമിയുള്ളവരുടെ 25,000 രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളാൻ തീരുമാനിച്ചു. അതിനുവേണ്ടി കേന്ദ്ര സർക്കാർ ഒരു തുകയും തന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ

കടാശ്വാസം കിട്ടിയവരെ ഒഴിവാക്കി ബാക്കിയുള്ളവർക്ക് എത്രയുംപെട്ടെന്ന് ആനുകൂല്യം നൽകാനാണ് ഇപ്പോൾ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. സ്വർണ്ണ വ്യാപാര രംഗത്ത് കോംപൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതു വഴി നികുതി ഇനത്തിൽ 120 കോടി രൂപ കൂടുതലായി കിട്ടി. ഈ വർഷം ഇതിനേക്കാൾ കൂടുതൽ തുക പിരിച്ചെടുക്കാൻ സാധിക്കും. ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : വ്യത്യസ്ത ബാങ്കുകളിൽ പണം നിക്ഷേപിച്ചതുമായി ബന്ധപ്പെട്ട് ശ്രീ. കെ.സി ജോസഫ് ഒരു സംശയം ഉന്നയിച്ചു. കേന്ദ്ര സർക്കാരാണ് ഐ.സി.ഐ.സി.ഐ ബാങ്കുമായി കരാർ ഉണ്ടാക്കിയതും എം.ഒ.യു. ഒപ്പുവച്ചതും. എൻ.ആർ.എച്ച്.എം. ഫണ്ടുകൾ എല്ലാ സംസ്ഥാനങ്ങളിലും നേരിട്ട് ഐ.സി.ഐ.സി.ഐ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയാണ്. അത് 2005-06 മുതൽ തുടങ്ങിയതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എസ്.ബി.ഐ.-യുടേയും എസ്.ബി.ടി-യുടേയും മാനേജുമെന്റുകൾ അക്കൗണ്ടിനായി സമീപിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരുമായി ആലോചിച്ചു. രാജ്യവ്യാപകമായി ഐ.സി.ഐ.സി.ഐ-യുമായുണ്ടാക്കിയ കരാർ ആയതിനാൽ അക്കൗണ്ട് മാറ്റാൻ പറ്റില്ലെന്ന് പറഞ്ഞു. സി.എച്ച്.സി, പി.എച്ച്.സി തലത്തിൽ തൊട്ടടുത്ത ഷെഡ്യൂൾ ബാങ്കിൽ അക്കൗണ്ട് തുടങ്ങാൻ അനുവാദം കൊടുത്തു. മൂന്ന് ജില്ലകളിൽ ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ ബ്രാഞ്ച് ഇല്ലാത്തതിനാൽ എസ്.ബി.ഐ-ലാണ് അക്കൗണ്ട് തുടങ്ങാൻ അനുവാദം കൊടുത്തത്.

2008-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ഉം 3-ഉം വകുപ്പുകൾ</u>

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി

<u>പട്ടിക</u>

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : 2008-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ</u> ): പ്രമേയത്തെ പിൻതാങ്ങുന്നു.

2008-ലെ കേരള ധനവിനിയോഗ (16-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം 30-ന് എതിരെ 68 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) <u>2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശന ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഒബ്ജക്ഷൻ

ശ്രീ. കെ.എം. മാണി : ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു. പാർലമെന്റ് പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് വ്യത്യസ്തമായി എൻട്രൻസ് ടെസ്റ്റ് ഒഴിവാക്കി 50 ശതമാനം മാർക്കോടെ എം.ബി.ബി.എസ് ബിരുദം മതിയെന്ന വ്യവസ്ഥയോടുകൂടി ഈ ബിൽ പാസ്സാകാൻ പോകുകയാണ്. കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച് സംസ്ഥാന നിയമസഭയിൽ ബിൽ അവതരിപ്പിക്കുകയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണ്. ഈ ബില്ലിന് കേന്ദ്ര ഗവൺമെന്റിന്റെ പ്രീവിയസ് കൺകറൻസ് കിട്ടിയിട്ടുണ്ടോ

യെന്ന് വ്യക്തമാക്കണം. ഉണ്ടെങ്കിൽ അത് ബുള്ളറ്റിനിൽ കൂടി അംഗങ്ങളെ അറിയിക്കേണ്ടതായിരുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): നിരന്തരമായി ഈ ഗവൺമെന്റ് നടത്തിയ പരിശ്രമത്തെത്തുടർന്ന് മേയ് മാസം 14-ാം തീയതി കേന്ദ്ര ഗവൺമെന്റിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്.

മി. സ്പീക്കർ : കേന്ദ്ര സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ബുള്ളറ്റിനിൽകൂടി അംഗങ്ങളെ അറിയിക്കുന്ന കീഴ്‌വഴക്കമില്ല. ഗവർണ്ണറുടേയോ പ്രസിഡന്റിന്റേയോ അനുമതി കിട്ടുന്നത് ബുള്ളറ്റിനിലൂടെ അംഗങ്ങളെ അറിയിക്കും.

ശ്രീ. പി. വിശ്വൻ : 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 18-8-2008-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളീയ സമൂഹത്തിൽ ഏറ്റവും ഗുണം ചെയ്യുന്ന ഒരു ബില്ലാണിത്. സംസ്ഥാനത്തെ മെഡിക്കൽ പി.ജി. കോഴ്സിന് സർവ്വീസിലുള്ള ഡോക്ടർമാർക്ക് 40 ശതമാനം സംവരണം ഏർപ്പെടുത്തണമെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജിലെ ലക്ച്ചറർമാർക്കും ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും എംപ്ളോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് മേഖലയിലെ ഡോക്ടർമാർക്കും ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ടായിരുന്നു. ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പുറപ്പെടുവിച്ച റെഗുലേഷൻ അനുസരിച്ച് ബിരുദാനന്തര ബിരുദത്തിന് എൻട്രൻസ് പരീക്ഷ എഴുതണമെന്നുണ്ടായിരുന്നു. സർവ്വീസിലുള്ള ഡോക്ടർമാർക്ക് എൻട്രൻസ്

എഴുതി ജയിച്ച് പി.ജി-ക്ക് പഠിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. കോഴ്സ് കഴിഞ്ഞവരാണെങ്കിൽ ഗ്രാമീണ മേഖലയിൽ ജോലി ചെയ്യാൻ തയ്യാറായിരുന്നില്ല. നല്ല കമ്മിറ്റ്മെന്റുള്ള ഡോക്ടർമാർക്ക് ജോലിഭാരം കൂടുതലായതുകൊണ്ട് പഠിക്കാനുള്ള അവസരം ഇല്ലാതാകുന്നതിനാൽ പ്രവേശന പരീക്ഷ പാസ്സാകാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് പി.ജി. റിസർവേഷൻ പുന:സ്ഥാപിക്കണമെന്ന ആവശ്യം ഡോക്ടർമാരുടെ ഭാഗത്തുനിന്ന് ശക്തമായി വന്നത്. ഈ ബിൽ വരുന്നതോടുകൂടി പി.ജി ഡോക്ടർമാരുടെ സേവനം ഗ്രാമീണ മേഖലയ്ക്ക് വളരെ ഗുണം ചെയ്യും. കേരളത്തിൽ ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ വേണ്ടിയുള്ള നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2008-ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയനക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബിരുദാനന്തര ബിരുദ മെഡിക്കൽ പ്രവേശനം നേടുന്നതിന് പ്രവേശന പരീക്ഷയിൽ 50 ശതമാനം മാർക്ക് വേണമെന്ന നിബന്ധന ഒഴിവാക്കിയിരിക്കുകയാണ്. ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ തീരുമാനപ്രകാരവും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും നിലവിലുണ്ടായിരുന്ന നിബന്ധന ഒഴിവാക്കുമ്പോൾ ക്വാളിറ്റിയെ ബാധിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ എടുക്കണം. റൂറൽ സർവ്വീസിലേയ്ക്ക് പോകുന്ന ഡോക്ടർമാർക്ക് ഈ രംഗത്ത് ഒരിക്കലും deterioration വരാതിരിക്കുന്നതിനുള്ള മുൻകരുതൽ ഗവൺമെന്റ്

എടുക്കണം. നിയമത്തിലൂടെ ഗവൺമെന്റിന് കിട്ടുന്ന അധികാരം അൾട്രാവയേഴ്സ് ആയി പോകുന്ന സാഹചര്യം 8-ാം വകുപ്പിന്റെ വ്യാഖ്യാനം കൊണ്ടുണ്ടാകരുത്. ഈ വകുപ്പിന്റെ ഉപവകുപ്പുപ്രകാരം 2 കൊല്ലത്തേയ്ക്ക് എന്തും ചെയ്യുന്നതിനുവേണ്ടിയുള്ള ലൈസൻസായി ഈ വകുപ്പിനെ ദുരുപയോഗം ചെയ്യുന്നതിനുള്ള സാഹചര്യം ഉണ്ടാകുമെന്നതിനാൽ മുൻകരുതൽ സ്വീകരിക്കണം. സംസ്ഥാനത്ത് പുതുതായി കണ്ടുവരുന്ന മാരകരോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആരോഗ്യരംഗത്ത് അത്യന്താധുനികമായ വികസനം ഉണ്ടാകണം. കൊതുക് നിവാരണത്തിനാവശ്യമായ സംവിധാനം ഉണ്ടാക്കണം. ആരോഗ്യവകുപ്പിന് പ്ലാൻ-നോൺ പ്ലാൻ ഇനത്തിൽ കിട്ടുന്ന വിഹിതം വളരെ തുച്ഛമാണ്. എന്നിരുന്നാലും ആരോഗ്യരംഗത്തെ പരിരക്ഷ മെച്ചപ്പെടുത്തണം. പബ്ലിക് ഹെൽത്ത് സെന്ററിൻ കീഴിലുള്ള സബ് സെന്ററുകൾ ശക്തിപ്പെടുത്തണം. സംസ്ഥാനത്തിന്റെ ആരോഗ്യരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള പൊതുവികാരം വളർത്തിക്കൊണ്ടുവരണം. പ്രാദേശിക വികസനത്തിന്റെ ഭാഗമായി മെഡിക്കൽ യൂണിവേഴ്സിറ്റിയെ അധ:പതിപ്പിക്കരുത്. മെഡിക്കൽ അഡ്മിനിസ്ട്രേഷൻ രംഗത്തുള്ള വടംവലി അവസാനിപ്പിക്കുകയും മെഡിക്കൽ കോളേജുകളിൽ expertise ആയ ആളുകളെ അഡ്മിനിസ്ട്രേഷനിൽ കൊണ്ടുവരികയും വേണം. ഡോക്ടർമാരുടെ സേവനം പൂർണ്ണമായും ക്ലിനിക്കൽ സർവ്വീസിലേയ്ക്ക് വിനിയോഗിക്കണം. സ്വകാര്യ ആശുപത്രികളിലേയ്ക്കുള്ള transition point ആയി മെഡിക്കൽ വകുപ്പ് അധ:പതിക്കരുത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): Post Graduation ലഭിക്കുക എന്നത് സംസ്ഥാനത്തെ

ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ ഏറ്റവും വലിയ ആഗ്രഹമാണ്. പി.ജി. അഡ്മിഷന് 40 ശതമാനം സീറ്റിൽ 20 ശതമാനം മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും 20 ശതമാനം ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ടുമെന്റിൽ നിന്നും വരുന്ന ഡോക്ടർമാർക്കായി നൽകിയിരുന്നു എന്നത് 2004-വരെ സംസ്ഥാനത്തെ ഗവൺമെന്റ് ഡോക്ടർമാർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യമാണ്. 2004-മുതൽ പൊതുപ്രവേശന പരീക്ഷമൂലമായിരുന്നു പി.ജി. അഡ്മിഷൻ നടത്തിയിരുന്നത്. പൊതുജനാരോഗ്യരംഗത്ത് ഗ്രാമപ്രദേശങ്ങളിലടക്കം സർവ്വീസിലുള്ള എം.ബി.ബി.എസ്സ്.-ന് 50 ശതമാനം മാർക്കുനേടിയിട്ടുള്ളവർക്ക് പി.ജി.ക്ക് അഡ്മിഷൻ ലഭിക്കുന്നതിനുവേണ്ടി ഉണ്ടായിരുന്ന ആനുകൂല്യം പുന:സ്ഥാപിക്കുന്നതിന് ഡ്രാഫ്റ്റ് ചെയ്ത ബില്ലിന് വളരെയേറെ ശ്രമകരമായ നടപടികൾ സ്വീകരിക്കുകയും കോടതി ഇടപെടൽ ഉണ്ടാകുകയും ചെയ്തതിനെത്തുടർന്ന് കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ച ഭേദഗതികളോടെ അംഗീകാരം ലഭിക്കുകയാണുണ്ടായത്. തുടർന്ന് ക്യാബിനറ്റ് അംഗീകരിച്ച ശേഷമാണ് ബിൽ സഭയിൽ കൊണ്ടുവന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2008--ലെ കേരള മെഡിക്കൽ ഉദ്യോഗസ്ഥർക്ക് ബിരുദാനന്തര ബിരുദ അദ്ധ്യയന ക്രമത്തിലേയ്ക്ക് സർവ്വീസ് ക്വാട്ട പ്രകാരമുള്ള പ്രവേശനം ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 5.45-ന് പിരിഞ്ഞു.)